
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

MY LORD AND MY GOD

Vol. 06 No. 45 THE ONLINE OFFICIAL NEWS BULLETIN 2023 November 04

SEASON OF ANNUNCIATION | അറിയിപ്പുകാലം | ܥܕܢܐ ܕܣܘܒܪܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
 ♪1 Qudosh Idto (Sanctification of the Church) Beginning of the Liturgical Year; 16th Mem. of Stephanos Mar Theodosios ✠ (Bhilai St. Thomas Ashram) **5**	 ♪5 57th Mem. of Vayaliparambil Geevarghese Mar Gregorios ✠ (Aluva Thrikkunnathu Seminary) **6**	♪1 **7**	 ♪5 27th Mem. of H.H.Baselios Mathoma Mathews I ✠ (Devalokam Catholicate Aramana) 96th Mem. of Konattu Mathan Malapan (Pambakuda Valiuya Pally) **8**	♪1 **9**	 ♪5 211st Comme. of Veda Ratnam Kayamkulam Philipose Ramban (Adoor Kannamkode Cathedral) **10**	♪1 **11**



പരിശുദ്ധ പരുമല തിരുമേനിയുടെ 121-ാം ഓർമ്മപെരുന്നാളിലെ വിശുദ്ധ മൂന്നിന്മേൽ കുർബ്ബാനയ്ക്ക് പ. ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ മുഖ്യകാർമ്മികത്വം വഹിച്ചു.



നിലയ്ക്കൽ ട്രസ്റ്റിന്റെയും സെന്റ് തോമസ് എക്യുമെനിക്കൽ ദേവാലയ ത്തിന്റെയും റൂബി ജൂബിലി ആഘോഷങ്ങൾ പ. ബസേലിയോസ് മാർ ത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു.



Reception to H.H Baselius Marthoma Mathews III Catholicos at Bhilai Mission Centre.



കടമകളെ കുറിച്ചും ബോദ്ധ്യമുള്ള തലമുറ നാടിനാവശ്യം: പ. കാതോലിക്കാ ബാവാ

പരുമല: ഉത്തരവാദിത്വങ്ങളെക്കുറിച്ചും, കടമകളെ കുറിച്ചും ബോദ്ധ്യമുള്ള തലമുറ നാടിനാവശ്യമെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതിയൻ കാതോലിക്കാ ബാവാ പറഞ്ഞു. പരുമലയിൽ മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ പേട്രൻസ് ഡേ ദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വിദ്യാർത്ഥി പ്രസ്ഥാനം പ്രസിഡന്റ് ഡോ. എബ്രഹാം മാർ സെറാഫിം അധ്യക്ഷത വഹിച്ചു. ബാംഗ്ലൂർ ബി.എസ്.എഫ്.-ഐ.ജി പി. വി. ഈപ്പൻ മുഖ്യ പ്രഭാഷണം നടത്തി. പുതുപ്പള്ളി എംഎൽഎ ചാണ്ടി ഉമ്മൻ മുഖ്യ അതിഥി ആയിരുന്നു. ബൈബിൾ റീഡിങ് കാർഡിന്റെ പ്രകാശനം പരുമല സെമിനാരി മാനേജർ കെ. വി പോൾ റമ്പാൻ നിർവഹിച്ചു. വിവിധ പരീക്ഷകളിൽ ഉന്നത വിജയം നേടിയവരെയും, പി.എച്ച്.ഡി.നേടിയവരെയും ചടങ്ങിൽ ആദരിച്ചു. വിദ്യാർത്ഥി പ്രസ്ഥാനം ജനറൽ സെക്രട്ടറി ഫാ.ഡോ. വിവേക് വർഗീസ്, സ്റ്റുഡൻറ് വൈസ് പ്രസിഡൻറ് മിറിൻ മാത്യു എന്നിവർ പ്രസംഗിച്ചു.




ഡോ. സ്തെഫാനോസ് മാർ തെവേദോസിയോസിന്റെ 16-ാമത് ഓർമ്മ പ്പെരുന്നാളിനോടു അനുബന്ധിച്ച് ഭിലായ് സെന്റ് തോമസ് അരമനയിൽ മുഖ്യകാർമ്മികത്വം വഹിക്കാൻ എത്തിയ പ. മാത്യൂസ് തൃതീയൻ കാതോ ലിക്കാ ബാവായ്ക്ക് റായ്പൂർ സെന്റ് മേരീസ് ദേവാലയം സ്വീകരണം നൽകി.

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വിശ്വാസ പഠനം



വി. കുർബ്ബാനയിലെ പ്രധാന അനുഗ്രഹ ആശീർവാദങ്ങൾ

ഡോ. ഗീവർഗീസ് യൂലിയോസ് മെത്രാപ്പോലീത്താ

ബഹു. ഡോ. ജോർജ്ജ് കോശി അച്ചന്റെ ഗ്രന്ഥത്തിന്റെ 10-ാം അദ്ധ്യായം വി. കുർബ്ബാനയിലെ പ്രധാന അനുഗ്രഹ ആശീർവാദങ്ങളെയാണ് വിശകലനം ചെയ്യുന്നത്. 34 പേജുകളും 81 കുറിപ്പുകളോടും കൂടെയാണ് ഈ അദ്ധ്യായം അവതരിപ്പിച്ചിരിക്കുന്നത്.

അന്നഫുറായുടെ ആരംഭം മുതൽ കാർമ്മികൻ നാല് അവസരങ്ങളിൽ വിശ്വാസസമൂഹത്തെ അനുഗ്രഹിച്ച് ആശീർവദിക്കുന്നതിന്റെ ആശയവും അർത്ഥതലങ്ങളുമാണ് ബ. അച്ചൻ വിവരിക്കുന്നത്. ആശീർവാദങ്ങളിൽ ആദ്യത്തെ മൂന്നെണ്ണം വി. കുർബ്ബാനയുമായി ബന്ധപ്പെട്ടുള്ള പ്രധാന കർമ്മങ്ങൾക്കു പ്രാരംഭം കുറിക്കുമ്പോഴാണ് പകരുന്നത് എന്നും നാലാമത്തെയും അവസാനത്തേതുമായ ആശീർവാദം ശുശ്രൂഷയുടെ സമാപനത്തിലുള്ള യാത്രാവന്ദന വാഴ്വാണെന്നും ബ. അച്ചൻ പൊതുവായി ഓർമ്മിപ്പിക്കുന്നു.

ആദ്യത്തെ മൂന്നു വാഴ്വുകൾ മർക്കോസിന്റെ മാളികയിൽ വച്ച് നമ്മുടെ കർത്താവ് വി. കുർബ്ബാന സ്ഥാപിക്കുന്ന സന്ദർഭവുമായി ബന്ധപ്പെട്ടിട്ടുള്ളതാണെന്ന് ബ. ഡോ. ബേബി വർഗീസ് അച്ചനെ ഉദ്ധരിച്ചുകൊണ്ട് (Annaphora of St. James) ചൂണ്ടിക്കാണിക്കുന്നു. കുർബ്ബാന സ്ഥാപന വചനങ്ങൾ ആയ "എടുത്തു, വാഴ്ത്തി, മുറിച്ചു, കൊടുത്തു" (മത്തായി 26:26, മർക്കോസ് 14:22, ലൂക്കോസ് 22:19) എന്നിവയിൽ 'എടുത്തു വാഴ്ത്തുന്ന'തിനു മുമ്പ് ആദ്യത്തെ ആശീർവാദവും 'മുറിക്കു'ന്നതിനു മുമ്പ് രണ്ടാമത്തേതും 'കൊടുക്കുന്ന'തിനു മുമ്പ് മൂന്നാമത്തേതും എന്ന് മനസ്സിലാക്കുന്നതിൽ തെറ്റില്ല (ഈ വാഴ്വുകളുടെ സമയം, അർത്ഥം, സാഹചര്യം എന്നിവയെക്കുറിച്ച് മറ്റ് ചിന്തകളും വ്യാഖ്യാനങ്ങളും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. എന്നാൽ ഈ ഗ്രന്ഥത്തിലോ, ഗ്രന്ഥസൂചിയിലോ അവ പരമാർശിക്കപ്പെടാത്തതിനാൽ ഈ ലേഖനത്തിൽ ഉൾപ്പെടുത്തുന്നില്ല; ഗ്രന്ഥവിചാരത്തിൽ മാത്രം നിൽക്കുന്നു.).

അനുഗ്രഹങ്ങൾ എല്ലാം ഉയരങ്ങളിൽ നിന്നു ആവഹിക്കുന്നതാണ്. ആയത് വി. ബലിപീഠത്തിൽ നിന്നു കാർമ്മികൻ സ്വീകരിച്ചു വാഴ്വുകളായി വിശ്വാസികൾക്ക് നൽകുന്നു. ബലിപീഠത്തിൽനിന്നും സ്വീകരിക്കാതെ വിശ്വാസികൾക്ക് നൽകുവാൻ കാർമ്മികന് കഴിയുകയില്ല, അവകാശവുമില്ലാ എന്നും പ്രത്യേകം ഓർക്കണം.

വി. കുർബ്ബാനവേളയിലുള്ള ആശീർവാദങ്ങളിൽ മേല്പട്ടസ്ഥാനികൾ ഇടതുകയ്യിൽ അംശവടി പിടിച്ചും തങ്ങളുടെ ശരീരംകൊണ്ട് രഹസ്യങ്ങൾ മറഞ്ഞുനിന്നുകൊണ്ടുമാണ് പലപ്പോഴും ചെയ്തു കാണുന്നത്. എന്നാൽ ആദ്യ മൂന്നു വാഴ്വുകളും കാർമ്മികൻ ഇടതുകൈപ്പത്തി രഹസ്യങ്ങൾക്കുകീഴെ വിരിക്കൂട്ടിൽ തബലൈത്തായുടെ പടിഞ്ഞാറേ വശത്ത് മദ്ധ്യത്തിൽ വച്ചുകൊണ്ട് പൂർണ്ണമായും പടിഞ്ഞാറോട്ട് തിരിക്കുകയും ഒപ്പം രഹസ്യങ്ങൾ വിശ്വാസികൾക്ക് ഗോചരമാകുന്നവിധത്തിൽ ത്രോണോസ്സിന്റെ വടക്കുവശത്തേക്ക് മാറിനിൽക്കുകയും ചെയ്തുകൊണ്ട് നിർവ്വഹിക്കണം എന്ന് ഡാറയിലെ യോഹന്നാനെപ്പോലുള്ള പിതാക്കന്മാർ ഓർമ്മിപ്പിക്കുന്നുണ്ട്. 'നിന്റെ ശരീരത്തിന്റെ മേനിയോ അംശവസ്ത്രത്തിന്റെയോ ആടയാഭരണങ്ങളുടെയോ ഭംഗി കാണുവാനോ, കാണിക്കുവാനോ അല്ല ശ്രമിക്കേണ്ടത്' എന്ന് അദ്ദേഹം അല്പം ശാസനാരൂപത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് വായിച്ചതായി ഈ ലേഖകനും ഓർക്കുന്നു.

മേല്പറഞ്ഞതുപോലെ വിശദാംശങ്ങളോ കാരണങ്ങളോ പറയുന്നില്ലെങ്കിലും രഹസ്യങ്ങൾ മറയാതെയും ഇടതുകൈ ത്രോണോസ്സിൽ തബലൈത്തായിൽ വച്ചും കാർമ്മികൻ വാഴ്വുകൾ നൽകണമെന്നും മലങ്കരസഭയിലെ



"വി. കുർബ്ബാനവേളയിലുള്ള ആശീർവാദങ്ങളിൽ ആദ്യ മൂന്നു വാഴ്വുകളും കാർമ്മികൻ ഇടതുകൈപ്പത്തി രഹസ്യങ്ങൾക്കുകീഴെ വിരിക്കൂട്ടിൽ തബലൈത്തായുടെ പടിഞ്ഞാറേ വശത്ത് മദ്ധ്യത്തിൽ വച്ചുകൊണ്ട് പൂർണ്ണമായും പടിഞ്ഞാറോട്ട് തിരിക്കുകയും ഒപ്പം രഹസ്യങ്ങൾ വിശ്വാസികൾക്ക് ഗോചരമാകുന്ന വിധത്തിൽ ത്രോണോസ്സിന്റെ വടക്കുവശത്തേക്ക് മാറിനിൽക്കുകയും ചെയ്തുകൊണ്ട് നിർവ്വഹിക്കണം. നിന്റെ ശരീരത്തിന്റെ മേനിയോ അംശവസ്ത്രത്തിന്റെയോ ആടയാഭരണങ്ങളുടെയോ ഭംഗി കാണുവാനോ, കാണിക്കുവാനോ അല്ല ശ്രമിക്കേണ്ടത്."

- ഡാറയിലെ യോഹന്നാൻ

പിതാക്കന്മാർ ഈയടുത്തകാലംവരെ അക്കാര്യം ശ്രദ്ധിച്ചിരുന്നുയെന്നും ബ. അച്ചൻ പേരുകൾ പറഞ്ഞ് പരാമർശിക്കുന്നുണ്ട്. പ. പരുമല തിരുമേനി മുതലുള്ള പാരമ്പര്യം അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ നിന്ന് കേട്ടറിഞ്ഞവരിൽ നിന്നും പ. മാത്യൂസ് പ്രഥമൻ ബാവാ സ്വാംശീകരിച്ചിട്ടുള്ളത് ആദ്യത്തെ മൂന്നു വാഴ്വുകൾക്കും കാർമ്മികൻ അംശവടി പിടിക്കുന്നില്ല എന്നാണെന്നും അതുകൊണ്ട് അദ്ദേഹവും അംശവടി പിടിച്ചിരുന്നില്ല എന്നും അദ്ദേഹത്തിന്റെ സെക്രട്ടറി ആയിരുന്ന ബ. ജോർജ് കോശി അച്ചൻ എടുത്തു പറയുന്നു. ഇതേ പാരമ്പര്യപ്രകാരം പ. പൗലൂസ് ദ്വിതീയൻ ബാവായും അവസാന ആശീർവാദത്തിനു മാത്രമെ അംശവടി ഉപയോഗിച്ചിരുന്നുള്ളു എന്നുള്ളത് നമുക്ക് നേർ ഓർമ്മയുള്ളതാണല്ലോ.

ശീമയിൽ നിന്നും വരുന്ന മേൽപട്ടക്കാർ എല്ലാ ആശീർവാദങ്ങൾക്കും അംശവടി പിടിക്കുന്നതായി കണ്ടിട്ടുണ്ടെന്നും അതിൽ നിന്നായിരിക്കാം മലങ്കരയിൽ ഇപ്രകാരം വന്നത് എന്നും ബ. അച്ചൻ ഊഹിക്കുന്നു. മാത്രവുമല്ല, ആരാധനയെക്കുറിച്ച് ആഴമായ ധാരണയില്ലാതെ വരുമ്പോൾ കാർമ്മികൻ കേവലം അനുഷ്ഠാനപ്രിയരായി മാറുകയും അപ്പോൾ അധികാരദണ്ഡുകൾ അനവസരത്തിലും പിടിക്കുവാൻ മടിയില്ലാത്തവരായി തീരുകയും ചെയ്യുന്നുവെന്ന് ബ. അച്ചൻ അൽപം ആക്ഷേപഹാസ്യരൂപത്തിൽ രേഖപ്പെടുത്തുന്നു.

അന്നഫുറാ അനാവരണം ചെയ്യുമ്പോൾ പ. ത്രിത്വത്തിന്റെ വെളിപ്പാടാണ് അരങ്ങേറുന്നത് എന്നതിനാൽ ദേവാലയം ദൈവിക വെളിപ്പാടിന്റെ വേദിയായി മാറുന്നു. യോർദ്ദാനിൽ വച്ചുള്ള കർത്താവിന്റെ മാമോദീസാവേളയിലും മറുരൂപമലയിലെ തേജസ്കരണ വേളയിലും വി. ത്രിത്വത്തിന്റെ വെളിപ്പാട് അന്നഫുറായുടെ പ്രാരംഭത്തിൽ വി. ത്രോണോസ്സിലും സംഭവിക്കുന്നു. അപ്പോഴാണ് "പിതാവാംദൈവത്തിന്റെ സ്നേഹവും ഏകപുത്രന്റെ കൃപയും പരിശുദ്ധാത്മാവിന്റെ സംബന്ധവും സഹവാസവും എന്റെ സഹോദരങ്ങളേ! നിങ്ങളെല്ലാവരിലും എന്നേക്കും ഉണ്ടായിരിക്കട്ടെ" എന്ന് കാർമ്മികൻ ആശംസിക്കുന്നത്. "ആമ്മീൻ, അവിടുത്തെ ആത്മാവിനോടു കൂടെയും ഉണ്ടായിരിക്കട്ടെ" എന്ന് വിശ്വാസികൾ കാർമ്മികനെയും ആശംസിക്കുന്നു.

ബലിയർപ്പണം നടക്കുന്നത് വി. ത്രിത്വത്തിലാണെന്ന് അറിയാമല്ലോ. അന്നഫുറാ ആഘോഷിക്കപ്പെട്ടു കഴിയുമ്പോൾ വി. ത്രിത്വം തന്നെയാണ് ലോകത്തിനു മുമ്പിൽ, വിശ്വാസസമൂഹത്തിനു മുന്നിൽ, വെളിപ്പെടുന്നത് എന്നതിനാൽ ത്രിത്വനാമത്തിലുള്ള ആശീർവാദം (2 കൊരി. 13:14) സർവ്വത്തേയും വി. ബലിയിലേക്ക് കൂട്ടിച്ചേർക്കുന്നു. പിതാവാംദൈവത്തിന്റെ സ്നേഹവും പുത്രന്റെ കൃപയും പരിശുദ്ധ റൂഹായുടെ സംബന്ധവും സഹവാസവുമാണ് അന്നഫുറായുടെ അടിസ്ഥാനം.


സീനായ് മലയിൽ വച്ച് മോശയ്ക്ക് ഉണ്ടായ ദൈവദർശനത്തിന് സമാനമാണ് ദർഗ്ഗായിൽ നിന്ന് അന്നഫുറാ ഉയർത്തി ആഘോഷിക്കുന്ന കാർമ്മികന്റെ അനുഭവം. സീനായിയിൽ ഭാഗികമായിരുന്നത് ഓരോ വി. കുർബ്ബാനയർപ്പണത്തിലും അതിന്റെ പൂർണ്ണതയിൽ വെളിപ്പെടുന്നുവെന്ന് ധ്യാനിക്കുവാൻ കാർമ്മികനും വിശ്വാസികൾക്കും സാധിക്കണം.

പ. സഭയിൽ എല്ലായ്പ്പോഴും വ്യാപരിക്കപ്പെടുന്നത് വി. ത്രിത്വത്തിന്റെ കൃപയും കരുണയുമാണ് എന്ന ആശയം വി. കുർബ്ബാനയിൽ ഉടനീളം കാണപ്പെടുന്നു. "പരിശുദ്ധനായ പിതാവ് പരിശുദ്ധനാകുന്നു; പുത്രൻ പരിശുദ്ധനാകുന്നു; ജീവനും വിശുദ്ധിയുമുള്ള റൂഹാ പരിശുദ്ധനാകുന്നു" എന്ന് പ്രഖ്യാപിച്ച ശേഷം ആ വി. ത്രിത്വം നമ്മെ ശുദ്ധീകരിച്ച് ആരാധനയ്ക്ക് തയ്യാറാക്കി നിറുത്തിയശേഷമാണല്ലോ വി. ത്രിത്വവിശ്വാസത്തിന്റെ പ്രതിജ്ഞയാകുന്ന വിശ്വാസപ്രമാണം എല്ലാവരും ചേർന്ന് ഉറക്കെ പ്രഖ്യാപിക്കുന്നത്. തുടർന്നും അന്നഫുറായിലെ ഓരോ പ്രാർത്ഥനകളും അവസാനിക്കുന്നത് "ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും പരിശുദ്ധറൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുന്നു" എന്നാണല്ലോ. കുക്കിലിയോൻ ഗാനങ്ങളിലും മറ്റ് എല്ലാ ആരാധനാ അവസരങ്ങളിലും ത്രിത്വസ്തുതിപ്പ് (ശുബഹോലാബോ....) അനിവാര്യമാണ് എന്നും കാണുന്നു.

വി. ത്രിത്വ വിശ്വാസത്തിലൂടെയാണ് ക്രിസ്തുവിനെ അറിയുവാൻ പ. സഭയ്ക്ക് കഴിയുന്നത്. അവൻ പിതാവാംദൈവത്തിൽ നിന്നുള്ള സത്യദൈവമായ ഏകപുത്രനാണ്. അവൻ മർത്തീകരണം പ്രാപിച്ചത് പരിശുദ്ധ റൂഹാ മൂലവുമാണ്. അതുകൊണ്ട് വി. ത്രിത്വവിശ്വാസത്തെ അറിയാത്തവർക്ക് ക്രിസ്തുവിനെ അറിയുവാൻ കഴിയുന്നതല്ല. വി. ത്രിത്വത്തെ നിഷേധിക്കുന്നവർ ക്രിസ്തുവിന്റെ അസ്തിത്വത്തെ നിഷേധിക്കുന്നവരാകയാൽ അവർ നിത്യരക്ഷയിൽ നിന്നും സ്വയമേ മാറിപ്പോകുന്നവരാകുന്നുവെന്ന് പിതാക്കന്മാർ പഠിപ്പിക്കുന്നതിന്റെ കാരണം ഇതാണ്. 'നമ്മുടെ ചിന്തയും, ഭാഷണവും, പ്രവൃത്തിയും, ശ്വസനംപോലും വി. ത്രിത്വത്തിലാണ്" എന്ന് നാം തിരിച്ചറിയുകയും വിശ്വാസികളെ പഠിപ്പിക്കുകയും ചെയ്യണമെന്ന് പിതാക്കന്മാർ പഠിപ്പിച്ചിട്ടുള്ളത് ഇക്കാരണത്താലാണ്. 'The Orthodox Way' എന്ന തന്റെ ഗ്രന്ഥത്തിലും പ്രഭാഷണങ്ങളിലും ബിഷപ്പ് Kallistos Ware (1934-2022) വി. ത്രിത്വവിശ്വാസം ഊന്നിപ്പറയുന്നത് ബ. അച്ചൻ ഉദ്ധരിക്കുന്നു.

വി. ത്രിത്വത്തിൽ മൂന്ന് ആളത്വങ്ങൾ ഒന്നായിരിക്കുന്നതുപോലെ തന്നെ പിതാവാംദൈവത്തിന്റെ സ്നേഹവും, ഏകജാതനായ പുത്രന്റെ കൃപയും പ. റൂഹായുടെ സംബന്ധവും സഹവാസവും (ശക്തി) സൃഷ്ടിയിൽ ഒന്നിച്ച് വ്യാപരിക്കുന്നു. അവയെ പരസ്പരം വേർപിരിച്ച് ചിന്തിക്കുവാൻ കഴിയുകയില്ല എന്നതും ഓർക്കണം.

വി. ത്രിത്വവിശ്വാസം രൂഢമൂലമായ കാലം മുതൽതന്നെ വി. കുർബ്ബാനയിൽ ഈ ആശീർവാദത്തിന്റെ സാന്നിധ്യവും ദർശിക്കാവുന്നതാണ്. അഥവാ ആരാധനയിൽ വിശ്വാസപിതാക്കന്മാർക്ക് വേദപുസ്തകാധിഷ്ഠിതമായി വെളിപ്പെട്ടുവന്ന സത്യമാണ് വി. ത്രിത്വവിശ്വാസം. നിഖ്യാ-കുസ്തന്തീനോസ് പോലീസ്-എഫേസൂസ് എന്ന മൂന്നു പൊതു സുന്നഹദോസുകളിലെ പിതാക്കന്മാരിലൂടെ വി. ത്രിത്വവിശ്വാസം സാർവ്വത്രിക സഭയുടെ അടിസ്ഥാനപ്രമാണമായി വിളങ്ങുകയും എല്ലാ ആരാധനയിലും വി. കൂദാശകളിലും വി. ത്രിത്വ ആശീർവാദം കാർമ്മികൻ ആവർത്തിച്ച് നൽകുകയും വിശ്വാസികൾ സന്തോഷത്തോടെ സ്വീകരിച്ച് ആനന്ദിക്കുകയും ചെയ്യുന്നു!



മോശ ബർകീപ്പായുടെ വ്യാഖ്യാനത്തിൽ വി. ത്രിത്വനാമത്തിലുള്ള വാഴ്വിനെക്കുറിച്ച് അദ്ദേഹം പ്രതിപാദിക്കുന്നത് ശ്രദ്ധേയമാണ്. കാർമ്മികൻ മൂന്നു കുരിശുകൾ വരച്ച് (ഇരുവശങ്ങളിലും മദ്ധ്യത്തിലും) വി. ത്രിത്വത്തെ വിശ്വാസികൾക്ക് ഭരമേൽപിക്കുന്നതിനാൽ അവർ വിശുദ്ധിയോടും കുറ്റം കൂടാതെയും ആരാധനയിലും തുടർ ജീവിതത്തിലും ത്രിത്വസ്തുതിപ്പുകാരായി നിലകൊള്ളുന്നു. 'പിതാവാം ദൈവത്തിന്റെ സ്നേഹം' എന്ന് പറയുന്നതിലൂടെ, അവിടുത്തെ സ്നേഹം മൂലമാണ് നമുക്കുവേണ്ടി മരണത്തിനു തന്റെ പുത്രനെ നൽകിയത് എന്ന് സ്പഷ്ടമാകുന്നു. 'ഏകജാതനായ പുത്രന്റെ കൃപ' എന്ന് പറയുന്നതിലൂടെ, നാം സ്വാഭാവികേന അയോഗ്യരെങ്കിലും അവൻ നമുക്കുവേണ്ടി കഷ്ടമനുഭവിച്ച് മരണം രുചിച്ചു; തന്റെ കൃപയാൽ നമ്മെ വീണ്ടെടുത്തു എന്ന് വെളിവാകുന്നു. 'പരിശുദ്ധാത്മാവിന്റെ സംബന്ധവും സഹവാസവും' എന്ന് ഭാഷിക്കുന്നതിലൂടെ വി. ബലിയുൾപ്പെടെ സകലവും പൂർത്തീകരിക്കുന്നത് വി. ത്രിത്വത്തിലാകുന്നു എന്ന് വ്യക്തമാക്കപ്പെടുന്നു. പ. പൗലൂസ് ശ്ലീഹായുടെ ശക്തമായ ക്രിസ്തുവിജ്ഞാനീയത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ടാണ് ബർകീപ്പാ ഈ പഠനം നടത്തിയിരിക്കുന്നത്.

വി. ത്രിത്വത്തിൽ, ശരീരമെടുത്തു മനുഷ്യനായി തീരുന്നതു ദൈവപുത്രനായ ക്രിസ്തു മാത്രമാണല്ലോ. അവിടുത്തെ തിരുശരീര രക്തങ്ങളാണ് വിശ്വാസികൾ അനുഭവിക്കുന്നത്. എന്നാൽ അതിലൂടെ വി. ത്രിത്വം തന്നെയാണ് പിതാവിന്റെ സ്നേഹത്തിലും പുത്രന്റെ കൃപയാലും പരിശുദ്ധാത്മാവിലൂടെ നമ്മിൽ സഹവസിച്ച് വ്യാപരിക്കുന്നത്. "കൃപ പിതാവിൽ നിന്നു പുത്രൻ മുഖാന്തരം ഉൾക്കൊള്ളുന്നു. അങ്ങനെയെങ്കിൽ ആ ദാനം പരിശുദ്ധാത്മാവിനാൽ അല്ലാതെ മറ്റൊന്നിലും ലഭിക്കുന്നില്ല. പരിശുദ്ധാത്മാവ് ഒപ്പമുണ്ടെങ്കിൽ പിതാവിന്റെ സ്നേഹവും പുത്രന്റെ കൃപയും പരിശുദ്ധാത്മാവിന്റെ സംബന്ധവും സഹവാസവും ഉണ്ട്" എന്ന് വലിയ മാർ അത്താനാസ്യോസ് (+373) പ്രത്യേകം പഠിപ്പിക്കുന്നു.

വാഴ്വുകളിൽ രണ്ടാമത്തേതു "വലിയവനും നമ്മുടെ രക്ഷകനുമായ യേശു മശിഹായാകുന്ന ഏകദൈവത്തിന്റെ കരുണ എന്റെ സഹോദരങ്ങളെ, നിങ്ങളെല്ലാവരോടുംകൂടെ എന്നേക്കുമുണ്ടായിരിക്കട്ടെ" എന്നാണല്ലോ. മുറിക്കപ്പെടുന്നത് ക്രിസ്തുവാണ് എന്നതിനാലാണ് ഖണ്ഡിപ്പിന്റെ ശുശ്രൂഷ ആരംഭിക്കുന്നതിനു മുമ്പ് അവൻ വലിയവനും നമ്മുടെ രക്ഷകനുമായ ഏകദൈവമാകുന്നുവെന്ന് പ. സഭ പ്രഖ്യാപിക്കുന്നത്. രണ്ടാമത്തെ വാഴ്വിന്റെ പ്രാഗ്‌രൂപം കൊരിന്ത്യർക്കുള്ള ഒന്നാം ലേഖനം 16:23 ആണെന്ന് കാണാം. തീത്തൂസിനുള്ള ലേഖനം 2:12-ലും 'കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ കൃപ' എന്ന പ്രയോഗം കാണുന്നുണ്ട്.

തിരുശരീരരക്തങ്ങളുടെ പരികർമ്മണ ശുശ്രൂഷയിൽ ദൈവപുത്രന്റെ മർത്തീകരണം (മനുഷ്യാവതാര വ്യാപാരം) എപ്പോഴും കേന്ദ്രചിന്തയാണ്. തൂയോബോ മുതൽ പല പ്രാർത്ഥനകളിലും ഒപ്പം അനുഷ്ഠാനങ്ങളിലും പുത്രന്റെ ജനനം, കഷ്ടാനുഭവം, മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം എന്നിവ പ. സഭ ഓർക്കുകയും രണ്ടാമത്തെ വരവിനായി ആകാംക്ഷയോടെ കാത്തിരിക്കുകയും

ചെയ്യുന്നു. ഈ മനുഷ്യാവതാര രഹസ്യത്തിന്റെ പരമമായ ശുശ്രൂഷ ഖണ്ഡിപ്പു വേളയിൽ രഹസ്യമായി അനുഷ്ഠിക്കപ്പെടുന്നതിനു തൊട്ടുമുമ്പാണ് ഈ ആശീർവാദം കാർമ്മികൻ ചൊല്ലുന്നത്. ജനിമൃതികളിലൂടെ സഞ്ചരിക്കുന്ന മനുഷ്യകുലത്തിനുവേണ്ടി അവ സ്വയം രുചിച്ചത് ത്രിത്വത്തിൽ രണ്ടാമത്തെ ആളത്വമായ ക്രിസ്തു മാത്രമാണല്ലോ.

രണ്ടാമത്തെ വാഴ്വിനെക്കുറിച്ച് മോശ ബർകീപ്പാ പറയുന്നത് ശ്രദ്ധിക്കുക: "കുരിശിൽ ഒരിക്കലായി ഏവർക്കുംവേണ്ടി അർപ്പിക്കപ്പെട്ട ബലി അപ്പാടെ കരുണയാണ്. അതു ഇപ്പോൾ നമ്മോടു കൂടെയുണ്ട്. മാത്രമല്ല, "അവൻ എന്നിലും ഞാൻ അവനിലും വസിക്കും" എന്നു അവിടുത്തെ വാഗ്ദാനം നിറവേറിയിരിക്കുന്നു. വലിയവനും നമ്മുടെ രക്ഷകനുമായവന്റെ കൃപയിലാണ് അബ്ബാ, പിതാവേ എന്ന് നമുക്ക് വിളിക്കുവാൻ, കർത്തൃപ്രാർത്ഥന ധൈര്യത്തോടെ ചൊല്ലുവാൻ അവകാശം ലഭിക്കുന്നത്.

തിരുശരീരരക്തങ്ങൾ ഉയർത്തി ആഘോഷിക്കുന്നതിനും അനുഭവിക്കുന്നതിനും മുമ്പാണ് മൂന്നാമത്തെ ആശീർവാദം. "പരിശുദ്ധവും മഹത്വമുള്ളതും സൃഷ്ടിയല്ലാത്ത സ്വയംഭൂവും അനാദ്യന്തവും വന്ദ്യവും സാരാംശത്തിൽ ഒന്നായിരിക്കുന്നതുമായ വി. ത്രിത്വത്തിന്റെ കൃപയും കരുണയും എന്റെ സഹോദരങ്ങളെ! നിങ്ങൾ എല്ലാവരോടും കൂടെ എന്നേക്കും ഉണ്ടായിരിക്കട്ടെ" എന്ന ആശീർവാദത്തിൽ വി. ത്രിത്വത്തെ മാനുഷിക വാക്കുകളുടെ പാരമ്യത്തിലും പരിമിതിയിലും കാണുവാൻ കഴിയുന്നു. വി. ത്രിത്വത്തിന്റെ മൂന്നു ആളത്വങ്ങൾ ആദ്യ ആശീർവാദത്തിൽ വർണ്ണിച്ചിരിക്കുന്നതായി കണ്ടല്ലോ. എന്നാൽ ഇവിടെ ആളത്വങ്ങളെ എടുത്തു പറയാതെ വി. ത്രിത്വത്തിന്റെ 'സപ്തഗുണ' വിശദീകരണത്തിലൂടെ സത്തയും ഏകത്വവും അനുഭവവും കാർമ്മികൻ സാക്ഷിക്കുന്നു.

പ. ത്രിത്വമാണ് വി. കുർബ്ബാന വിശുദ്ധീകരിച്ച് പൂർത്തിയാക്കുന്നതെന്നും വി. ത്രിത്വത്തിന്റെ കൃപയാലാണ് അവ വ്യാപരിക്കപ്പെടുന്നതെന്നും മോശ ബർകീപ്പാ പ്രത്യേകം പഠിപ്പിക്കുന്നുണ്ട്. വി. കുർബ്ബാനയുടെ പരിസമാപ്തിയിൽ അനുഗ്രഹാശംസകളോടെ വിശ്വാസികളെ യാത്രയാക്കുന്ന ആശീർവാദമാണല്ലോ നാലാമത്തേതും അവസാനത്തേതുമായ ആശീർവാദം. 'സമാധാനത്തോടെ പോകുവീൻ' എന്നും 'എന്നേക്കും എനിക്കുവേണ്ടിയും പ്രാർത്ഥിപ്പിൻ' എന്നുമുള്ളതു രണ്ട് പ്രധാന സന്ദേശങ്ങൾ ഈ യാത്രമംഗളാശംസയിൽ പ്രാധാന്യം അർഹിക്കുന്നതാണ്. ഒപ്പം വി. കുർബ്ബാനയുടെ സാർവ്വത്രിക ഭാവം ഏറ്റവും ഉയർത്തിക്കാണിക്കുന്ന സംബോധനകളും വിശേഷണങ്ങളുംകൊണ്ട് ഈ ആശീർവാദം സമ്പന്നമാണ്. "ദൂരസ്ഥരും സമീപസ്ഥരും, ജീവനുള്ളവരും മരിച്ചുപോയവരും, കർത്താവിന്റെ വിജയ സ്ലീബായാൽ രക്ഷിക്കപ്പെട്ടവരും, പ. മാമോദീസായുടെ റൂശ്മായാൽ മുദ്രയിടപ്പെട്ടവരുമേ" എന്ന അഭിസംബോധനയിൽ ആദം മുതൽ ഇന്നയോളം ഉള്ള സർവ്വരേയും ക്രിസ്തുവിൽ ഒന്നിച്ച് നിർത്തി അവർക്കെല്ലാം പൗരോഹിത്യ പൂർണ്ണതയിൽ നിന്ന് കാർമ്മികൻ വി. ത്രിത്വത്തിന്റെ കൃപയ്ക്കും കരുണയ്ക്കുമായി വി. കൂദാശ അവരെ ഭരമേൽപിച്ച് അവർക്ക് യാത്രാമംഗളങ്ങൾ നേരുന്നു!



പരിശുദ്ധ പരുമല തിരുമേനിയുടെ 121–ാമത് ഓർമ്മപ്പെരുന്നാൾ രാജസ്ഥാനിലെ ജ്യോതിസ് ആശ്രമത്തിൽ നടത്തപ്പെട്ടു. ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ പെരുന്നാൾ ശുശ്രൂഷകൾക്ക് മുഖ്യ കാർമികത്വം വഹിച്ചു. ഫിലിപ്പോസ് റമ്പാൻ സഹകാർമ്മികനായിരുന്നു.

'സന്തോഷിച്ച് ആനന്ദിപ്പിൻ' എന്ന് കാർമ്മികൻ പ്രബോധിപ്പിക്കുന്നു. "അവന്റെ രക്ഷയിൽ നമുക്കു ആനന്ദിച്ച് സന്തോഷിക്കാം" എന്നു യശയ്യാ ദീർഘദർശനം (25:9) നിറവേറ്റപ്പെടുന്നത് വി. കുർബ്ബാനയുടെ പൂർത്തീകരണത്തിലാണ്. "ദൈവരാജ്യം കേവലം ഭക്ഷണവും പാനീയവുമല്ല, മറിച്ച് നീതിയും സമാധാനവും സന്തോഷവുമത്രേ" (റോമ. 14:17) എന്ന പ. പൗലൂസ് ശ്ലീഹായുടെ പഠിപ്പിക്കലും ഇവിടെ അർത്ഥമുള്ളതായി തീരുന്നു.

'യാത്രാഭക്ഷണത്തോടെയും അനുഗ്രഹങ്ങളോടെയും' എന്ന പ്രയോഗവും അർത്ഥഗാംഭീര്യമുള്ളതാണ്. 'യാത്രാഭക്ഷണം' എന്നതിന് ലത്തീൻ ഭാഷയിൽ 'Viaticum' (Provision for the Way) എന്ന പദം ഉപയോഗിക്കുന്നു. ഇത് കേവലം ലോകത്തിന്റെ ഭക്ഷണപദാർത്ഥങ്ങളല്ല; മറിച്ച് നിത്യതയുടെ അടിസ്ഥാന ആഹാരമായ വി. കുർബാനാനുഭവത്തെയാണ് സൂചിപ്പിക്കുന്നത് എന്നതുകൊണ്ടാണല്ലോ, ബലിപീഠത്തിൽനിന്നും നിങ്ങൾ പ്രാപിപ്പിച്ചിട്ടുള്ള എന്ന് ഓർമ്മിപ്പിക്കുന്നത്. "നമ്മുടെ കർത്താവിന്റെ സന്തോഷത്തിലേക്ക് നമുക്ക് പ്രവേശിക്കാം. മേശ നിറഞ്ഞിരിക്കുന്നു. സമ്പുഷ്ടമായ അതിൽ നമുക്ക് അഭിരമിക്കാം; വിശ്വാസവിരുന്നിൽ നമുക്ക് സന്തോഷിക്കാം" എന്ന് സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ് വി. കുർബാനാനുഭവത്തിനായി വിശ്വാസികളെ ക്ഷണിക്കുന്നതിന്റെ പൊരുൾ ഇതാണ്. "ബലഹീനനും പാപിയുമായ ദാസനാകുന്ന ഞാൻ, നിങ്ങളുടെ പ്രാർത്ഥനകളാൽ കരുണയും സഹായവും പ്രാപിക്കുവാൻ ഇടയാകട്ടെ" എന്ന് കാർമ്മികൻ ഏറെ പ്രതീക്ഷയോടെയും പ്രത്യാശയോടെയും വിശ്വാസികളോട് അഭ്യർത്ഥിക്കുകയും അവരെ അനുഗ്രഹിക്കുകയും ചെയ്യുന്നത് ഹൃദയസ്പർശിയായ രംഗമാണ്. "നിങ്ങൾ സന്തോഷിച്ചു ആനന്ദിച്ചുകൊണ്ട് സമാധാനത്തോടെ പോകുവീൻ; എന്നേക്കും എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുവിൻ" എന്ന ആഹ്വാനം തന്നെ ഏറെ സ്വാധീനിച്ചിട്ടുണ്ടെന്നും പാശ്ചാത്യ ആരാധനാ ഭാഷയിൽ ഇല്ലാത്ത ഒരു അനുഭവം അതിൽ ഉണ്ടെന്നും ബിഷപ്പ് പെക്കൻഹാം വാൽഷ് രേഖപ്പെടുത്തിയിട്ടുള്ളത് ബ. അച്ചൻ അന്യത്ര ഉദ്ധരിച്ചിട്ടുണ്ട്. ഇടവക മുഴുവന്റെയും, മാത്രവുമല്ല സർവ്വലോകത്തിന്റെയും അനുഗ്രഹവും പ്രാർത്ഥനയും കാർമ്മികനായ പുരോഹിതന് എപ്പോഴും ആവശ്യമാണ് എന്ന വലിയ സന്ദേശം അവിടെ കാണുന്നു.

സ്വയമേവ ഏതൊരു പുരോഹിതനും, 'ബലഹീനനും പാപിയുമാകുന്നു' എന്ന അവന്റെ ഉൾബോധ്യവും വിശ്വാസികളുടെ പ്രാർത്ഥന അവനെ ശക്തിപ്പെടുത്തുമെന്ന തിരിച്ചറിവും ഈ അപേക്ഷയിൽ വ്യക്തമാക്കപ്പെടുന്നു. ഇടയനും ഇടവകയും തമ്മിലുള്ള ബന്ധത്തിനു അടിത്തറ അന്യോന്യമുള്ള പ്രാർത്ഥനയാണ് എന്ന രഹസ്യം രണ്ടുപേരും നന്നായി അറിഞ്ഞിരിക്കണം എന്നും ഈ ആശീർവാദം ഓർമ്മിപ്പിക്കുന്നു.

സഭാവിശ്വാസികൾ കാർമ്മികനായ പുരോഹിതന്റെ നേതൃത്വത്തിൽ ഈ മണ്ണിൽ അർപ്പിക്കുന്ന വി. കുർബ്ബാന ഏറ്റവും ശ്രേഷ്ഠമായ സ്വർഗ്ഗീയ വിരുന്നായി രൂപാന്തരപ്പെടുന്ന കാഴ്ചയാണ് ഓരോ വി. കുർബ്ബാനയിലും സംഭവിക്കുന്നത്. ആ അനുഷ്ഠാനത്തിന്റെ പ്രധാന കാർമ്മികൻ പരിശുദ്ധ ത്രിത്വമാണ്. ഓരോ ആശീർവാദത്തിലൂടെയും ഈ സത്യം പ്രഖ്യാപിക്കപ്പെടുകയും കാർമ്മികനും വിശ്വാസസമൂഹവും അത് ഉൾക്കൊള്ളുകയും അവരിലേക്ക് അദൃശ്യമായ തൃക്കരം നീട്ടപ്പെട്ട് അനുഗ്രഹങ്ങൾ ചൊരിയപ്പെടുകയും ചെയ്യുന്നു. ഈ രഹസ്യം ഉൾക്കൊള്ളുവാൻ കഴിയുന്ന കാർമ്മികനും വിശ്വാസികളും സ്വർഗ്ഗീയ അനുഭൂതിയിൽ സന്തോഷിച്ച് ആനന്ദിച്ച് സമാധാനത്തോടെ പോകുന്നു. അല്ലാത്തവന് ഇതെല്ലാം കേവലം നാട്യവും അനുഷ്ഠാനവും കർമ്മാചരണവും മാത്രമായിത്തീരുന്നു; 'ദീപസ്തംഭം മഹാശ്ചര്യം, നമുക്കും കിട്ടണം പണം' എന്ന വിധത്തിൽ അവർ അസമാധാനത്തിന്റെയും അസന്തുഷ്ടിയുടെയും അപ്പോസ്തോലന്മാരായി വിലസുകയും ചെയ്യുന്നു!

❑

LECTIONARY

GOSPELS	OLD TESTMENT	NEW TESTMENT	
Eve : Mark 8:27-33 Mon : John 21:15-22 HQ : Mathew 16:13-20	Exodus 33:5-11 1 Kings 6:1-8 Jeremiah 31:10-14	Acts 7:44-53 Hebrews 9:1-14	NOV 05

ചരിത്രകഥ

വലിയ മാർ ദീവന്നാസ്യോസും തരണനല്ലൂർ നമ്പൂതിരിപ്പാടും

ചിത്രമെഴുത്തു കെ. എം. വറുഗീസ്

1

ജാതക ചർച്ച

കൊല്ലവർഷം 933 മുതൽ 973 വരെ തിരുവിതാംകൂറിനെ ഭരിച്ചിരുന്ന അനന്തഭാഗ്യനിധിയായ കാർത്തികതിരുനാൾ രാമവർമ്മ മഹാരാജാവു തിരുമനസ്സിലെ സമകാലീനനായിരുന്ന ഒരു മഹാപുരുഷനായിരുന്നു ആറാം മാർത്തോമ്മാ അഥവാ വലിയ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ. പത്തൊമ്പതാം ശതാബ്ദത്തിന്റെ പ്രഥമപാദത്തിൽ മലങ്കര സിറിയൻ ക്രിസ്ത്യൻ സമുദായാദ്ധ്യക്ഷനായി വാണിരുന്ന ഈ വൈദികവര്യന്റെ നാമത്തിലും സ്ഥാനത്തിലും ഇന്നത്തെ തന്റെ അനന്തരഗാമിയായ മലങ്കര സുറിയാനി സഭാദ്ധ്യക്ഷനെപ്പോലെതന്നെ ബുദ്ധിശക്തിയിലും ധീരോദാത്തതയിലും അഗ്രിമസ്ഥാനിയായിരുന്നുവെന്നുള്ളതിന് അദ്ദേഹത്തിന്റെ ജീവചരിത്രത്തിലെ ഏതൊരു ഭാഗവും ലക്ഷ്യമത്രെ.

കേരളത്തിൽ ക്രിസ്തുമതസ്ഥാപനം ചെയ്ത പുണ്യാത്മാവായ മാർത്തോമ്മാ ശ്ലീഹാ സ്വന്തം കൈ കൊണ്ടു മെത്രാൻസ്ഥാനം നൽകിയ പകലോമറ്റം കുടുംബത്തിലെ പിൻതുടർച്ചാവകാശിയായിരുന്നു വലിയ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ. ആറാം മാർത്തോമ്മാ എന്ന് സഭാചരിത്രങ്ങളിൽ അഭിധാനം ചെയ്തിട്ടുള്ള ഈ ധീരപുരുഷന്റെ ജനനത്തെപ്പറ്റി രസകരമായ ഒരു കഥയുണ്ട്.

സമീപസ്ഥനും വിദ്വാനുമായ ഒരു നമ്പൂതിരിക്ക് ഇദ്ദേഹത്തിന്റെ അപ്പൻ കുറെ പണം കൊടുപ്പാനുണ്ടായിരുന്നു. കൊയ്ത്തു കഴിഞ്ഞാലുടൻ പണം ഇല്ലത്തെത്തിക്കുന്നതാണെന്നു നേരത്തെതന്നെ അറിയിച്ചിരുന്നുവെങ്കിലും അറയിൽ നെല്ലു നിശ്ശേഷം തീർന്നുപോകകൊണ്ടു ഇല്ലത്തെ ഒരു ശ്രാദ്ധം മുടങ്ങിപ്പോകുമെന്നായപ്പോൾ ചില വാല്യക്കാരോടുകൂടി ഒരു ദിവസം രാവിലെ നമ്പൂതിരിപ്പാടുതന്നെ അധമർണ്ണന്റെ ഗൃഹത്തിലെത്തി. മെത്രാപ്പോലീത്തായുടെ ജനനവും അപ്പോൾ തന്നെ ആയിരുന്നു.

ഹോരശാസ്ത്രപണ്ഡിതനായ നമ്പൂതിരിപ്പാടു സൂതികാഗൃഹത്തിൽ നിന്നു പൊന്തിയ കുരവശബ്ദം കേട്ട് കഥ മനസ്സിലാക്കി. നാൽക്കാലിപ്പുറത്തു ഇരുന്ന ഇരുപ്പിൽ തന്നെ മുറ്റത്തേക്കു കുനിഞ്ഞു നിലത്തു ഗ്രഹനില രേഖ പ്പെടുത്തി ലഗ്നാധിപഭാവബലത്തേയും ഗ്രഹോച്ചസ്ഥിതികളെയുംപറ്റി ഗാഢവിചിന്തനം ചെയ്തിട്ടു മെത്രാപ്പോലീത്തായുടെ പിതാവിനെ വിളിച്ചു 'ശ്രാദ്ധാവശ്യം പ്രമാണിച്ചു കുറെ നെല്ലെങ്കിലും ഇപ്പോൾ കൊണ്ടുപോകാൻ തരമുണ്ടോ എന്നറിയുന്നതിനാണു ഞാൻ ഇങ്ങോട്ടു പുറപ്പെട്ടിരിക്കുന്നതെങ്കിലും ഉണ്ണിയുടെ ജനനത്തിലുള്ള സന്തോഷം കൊണ്ടു തരകനെ തൽക്കാലം ബുദ്ധിമുട്ടിക്കണമെന്നു വിചാരിക്കുന്നില്ലെന്നും, ഉണ്ണി അതിഭാഗ്യവാനാണെന്നു ലഗ്നാൽ കാണുന്നുണ്ടെന്നും പറഞ്ഞ് ഇല്ലത്തേക്കു മടങ്ങിപ്പോയി.

നെല്ലു കിട്ടുന്നതിനു കുറെ പ്രയാസം സഹിച്ചെങ്കിലും ശ്രാദ്ധം ഒരുവിധം ഭംഗിയായി നടത്തിയശേഷം നമ്പൂതിരിപ്പാട് തിരുവനന്തപുരത്തു താമസിച്ചിരുന്ന അജയ്യ പരാക്രമശാലിയും വൈരിവിദ്ധ്വംസകനുമായിരുന്ന മാർത്താണ്ഡവർമ്മ മഹാരാജാവു തിരുമനസ്സിലെ സന്നിധിയിൽ എത്തി. സ്വഗൃഹസമീപത്തു പകലോമറ്റം തറവാട്ടിൽ (കുറവിലങ്ങാട്ടു) സർവസൗഭാഗ്യസംപൂർണ്ണനും രാജലക്ഷണസംയുക്തനുമായ ഒരു നസ്രാണിക്കുട്ടി ജനിച്ചിരിക്കുന്നുവെന്നും ഗ്രഹനില പരിശോധിച്ചതിൽ ശിശു യൗവ്വനദശയിലെത്തുന്നതോടുകൂടി അതിപ്രതാപശാലിയും ഭരണാധികാരിയുമായ ഒരു മഹാ



മാർത്തോമ്മാ ആറാമൻ (വലിയ മാർ ദിവന്നാസ്യോസ്; 1765–1808)

കൂനൻകുരിശുസത്യത്തിനു (1653) ശേഷം മലങ്കരയിലെ ആറാമത്തെ മെത്രാപ്പോലീത്താ. 1728–നോടടുത്തു പകലോമറ്റം കുടുംബത്തിൽ ജനിച്ചു. മുൻഗാമിയും പിതൃ സഹോദരനുമായ അഞ്ചാം മാർത്തോമ്മ 1761 മിഥുനം 29–നു മെത്രാൻ സ്ഥാനം നൽകി. 1765 മേടം 27–ന് അഞ്ചാം മാർത്തോമ്മാ കാലം ചെയ്തതിനെ തുടർന്ന് മലങ്കര സഭാഭരണം ഏറ്റെടുത്തു. അന്ത്യോക്യൻ മെത്രാന്മാരായ മാർ ഗ്രീഗോറിയോസ്, മാർ ഈവാനിയോസ് എന്നിവർ ചേർന്ന് 1770 മിഥുനം 29–ന് നിരണം പള്ളിയിൽവെച്ച് മാർ ദീവന്നാസ്യോസ് എന്ന പേരിൽ മെത്രാപ്പോലീത്താ ആയി സ്ഥാനാരോഹണം നടത്തി.

സംഭവ ബഹുലമായിരുന്നു ഇദ്ദേഹത്തിന്റെ കാലഘട്ടം. മാർതോമാ അഞ്ചാമന്റെ മെത്രാൻ സ്ഥാനം സാധുവല്ല എന്ന വാദവുമായി എത്തിയ അന്ത്യോക്യൻ മെത്രാന്മാർ അതേ ആരോപണം ഇദ്ദേഹത്തെ കുറിച്ചും

രാജാവായിത്തീരുമെന്നും ഭരണസീമയെക്കുറിച്ചു ചിന്തിച്ചാൽ പുതിയ ബൗദ്ധരാജാവിന്റെ അധികാരം കേരളമൊട്ടുക്കും ഉണ്ടായിരിക്കുമെന്നു കാണുന്നതിനാൽ വടക്കുംകൂർ രാജസ്ഥാനം മാത്രമല്ല (കുറവിലങ്ങാടു അന്നു വടക്കുംകൂർ രാജാക്കന്മാരുടെ ആധിപത്യത്തിലായിരുന്നു) കേരളത്തിലുള്ള സിംഹാസനങ്ങളെല്ലാം തന്നെ നശിച്ചുപോകുമെന്നും അതിനാൽ തിരുവിതാംകൂർ രാജവംശത്തിന്റെ നിലനില്പിൽ അല്പമെങ്കിലും ആകാംക്ഷ ഉള്ളപക്ഷം ശിശുവിന്റെ ആയുസ്സിന് ഉടൻതന്നെ അന്തരം വരുത്തിക്കൊള്ളണമെന്നും തിരുമനസ്സുണർത്തിച്ചു.

നമ്പൂരിപ്പാട്ടിലെ അഗാധമായ ജ്യോതിശ്ശാസ്ത്ര പാണ്ഡിത്യത്തെപ്പറ്റിയും, വടക്കുംകൂർ രാജ്യം കൈവശപ്പെടുത്തുന്നതിനു മഹാരാജാവിനുവേണ്ടി നമ്പൂരിപ്പാടു ചെയ്തുപോന്ന ഗൂഢശ്രമങ്ങളെക്കുറിച്ചും മാർത്താണ്ഡവർമ്മ മഹാരാജാവിനു ദൃഢവിശ്വാസമുണ്ടായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ ജാതകഗണനയുടെ അപ്രമാദിത്വത്തെ പുരസ്ക്കരിച്ചു നിർദ്ദോഷിയായ ഒരു പിഞ്ചിളംകുഞ്ഞിനെ യമധർമ്മഹസ്തത്തിൽ എറിഞ്ഞുകൊടുക്കുന്നതിന് ആ നൃപകേസരിക്കു വലുതായ വൈമനസ്യമാണുണ്ടായത്.

കേരളീയ നസ്രാണികളുടെ വൈദികാദ്ധ്യക്ഷന്മാർ ജീവിതഗതിയിലും, ചര്യാക്രമങ്ങളിലും, രാജതുല്യന്മാരയതിനാൽ ശിശു ഒരു രാജാവായിത്തീരുന്നപക്ഷം അതു സ്വസമുദായ കേന്ദ്രത്തിനുള്ളിൽ മാത്രമായിരിക്കുമെന്നു ബുദ്ധിമാനായ മഹാരാജാവ് അഭിപ്രായപ്പെട്ടു. എങ്കിലും ശാസ്ത്രാനുസൃതമായ ഒരഭിപ്രായ സമർത്ഥനത്തേക്കാൾ കേവലമായ ഊഹത്തിനു പ്രാബല്യം കല്പിച്ച് ആപൽദശയെ ആസന്നമാക്കുന്നത് അപകടകരമാണെന്നുകൂടി അദ്ദേഹത്തിനു തോന്നാതിരുന്നില്ല. അതിനാൽ ജാതകഗണനയിൽ ഉപരിവിചിന്തനം ചെയ്യുന്നത് എല്ലാംകൊണ്ടും നന്നായിരിക്കുമെന്ന് മഹാരാജാവ് നമ്പൂതിരിയോടും കൊട്ടാരം ജ്യോൽസ്യനോടും കല്പിച്ചു.

കുറച്ചുദിവസങ്ങൾക്കുള്ളിൽ ഹോരശാസ്ത്രവിശാരദന്മാരായ ഒരു കൂട്ടം പണ്ഡിതന്മാർ കൊട്ടാരത്തിൽ ഒരു ഭാഗത്തു കൂടി ജാതകത്തെ സംബന്ധിച്ചു ദീർഘമായ വാദപ്രതിവാദങ്ങൾ നടത്തുകയും ഭിന്നാഭിപ്രായ സമർത്ഥനത്തിൽ കലാശിപ്പിക്കുകയും ചെയ്തു. ഒരു കൂട്ടർ മഹാരാജാവു തിരുമനസ്സിലെ അഭിപ്രായത്തെയും മറുപക്ഷക്കാർ നമ്പൂതിരിപക്ഷത്തെയും പിൻതാങ്ങി. ഉഭയപക്ഷക്കാർക്കും പ്രബലങ്ങളും യുക്തിയുക്തങ്ങളുമായ ന്യായങ്ങൾ പറയാനുണ്ടായിരുന്നു. മഹാരാജാവാകട്ടെ ആദരണീയപക്ഷം ഏതാണെന്നു നിശ്ചയിക്കാൻ നിവൃത്തിയില്ലാതെ വിഷമസ്ഥിതിയിലായി.

രാജദ്രോഹികളും രാജ്യദ്രോഹികളുമായ എട്ടുവീട്ടിൽ പിള്ളമാരുടെയും, പോറ്റിമാരുടെയും ഘോരഹസ്തങ്ങളിൽ നിന്നു തനിക്ക് അഭയം നൽകിയ ഭക്തവത്സലനായ ജഗദീശ്വരൻ സ്വസിംഹാസനത്തേയും സ്വകുടുംബത്തേയും യഥാകാലം പരിരക്ഷിച്ചുകൊള്ളുമെന്നും പ്രത്യുത നിഷ്ക്കന്മഷനായ ഒരു ശിശുവിന്റെ ഗളച്ഛേദത്തിനായി ഉദ്യമിക്കുന്നപക്ഷം അതു തന്നെ വംശവിനാശന കാരണമായി പരിണമിക്കുമെന്നും ആ രാജർഷി വിശ്വസിച്ചു. എന്നിരിക്കിലും ഹോരശാസ്ത്രത്തെ നിന്ദിക്കത്തക്ക ഒരു മനസ്ഥിതി അദ്ദേഹത്തിനുണ്ടായില്ല. അതിനാൽ ജ്യോതിശ്ശാസ്ത്രത്തിലും, ഹോരശാസ്ത്രത്തിലും, ഇതരശാസ്ത്രങ്ങളിലും പരിപൂർണ്ണമായ പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ള ചില ശാസ്ത്രിമാരെ പരദേശത്തു നിന്നു വരുത്തി അവസാനമായി ഒരിക്കൽ കൂടി ജാതക പരശോധനം ചെയ്യിക്കണമെന്നു കരുതി മഹാരാജാവു തിരുമനസ്സുകൊണ്ടു അക്കാലത്തെ പ്രസിദ്ധ ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ നിവാസസ്ഥാനമായ ബീജപ്പൂരിലേക്കും പാണ്ഡ്യരാജ്യത്തേക്കും ചില ദൂതന്മാരെ അയച്ചു. ക്ഷണം സ്വീകരിച്ച് അവർ ഏറെത്താമസിയാതെ തിരുവനന്തപുരത്തു വന്നുചേർന്നു.

മഹാരാജാവ്, അവർ ഒൻപതുപേരെയും പരസ്പരം അറിയാൻ പാടില്ലാത്തവിധം ഒൻപതു സ്ഥലത്തായി താമസിപ്പിച്ചുകൊണ്ടു പ്രസ്തുത നസ്രാണിക്കുട്ടിയുടെ ഓരോ നഷ്ടജാതകങ്ങൾ എഴുതുവാൻ കൽപ്പിക്കുകയും കൽപ്പനപ്രകാരം ഒരു മാസത്തിനുള്ളിൽ അവർ നഷ്ടജാതകങ്ങൾ ഒൻപതും ദൂതന്മാർ വശം മഹാരാജസന്നിധിയിലെത്തിക്കുകയും ചെയ്തു.

ശാസ്ത്രിമാരുടെ നഷ്ടജാതകങ്ങളിലേയും നമ്പൂതിരിയുടെ നഷ്ടജാതകത്തിലേയും ഗ്രഹനിലകൾ എല്ലാം തുല്യമായിരുന്നുവെങ്കിലും ജാതകശിശുവിന്റെ രാജസ്ഥാന സ്വഭാവത്തെ സംബന്ധിച്ചിടത്തോളം അവ ഭിന്ന രീതിയെത്തന്നെ അവലംബിച്ചിരുന്നു. തന്നിമിത്തം ശാസ്ത്രിമാരെയും നമ്പൂതിരിയേയും സ്വദേശീയ പണ്ഡിതന്മാരെയും കൊട്ടാരത്തിൽ വരുത്തി ഒരു പരസ്യമായ വാദപ്രതിവാദം നടത്തേണ്ടത് അത്യാവശ്യമാണെന്നു മഹാരാജാവു നിശ്ചയിച്ചു. ഈ വാദപ്രതിവാദത്തിൽ ശാസ്ത്രിമാർ തന്നെ രാജസന്നിധിയിൽ വിജയസ്തംഭം പ്രതിഷ്ഠിച്ചു. ശിശുവിന്റെ ജനനം തിരുവിതാംകൂർ രാജസിംഹാസനത്തെ യാതൊരുതരത്തിലും ബാധിക്കയില്ലെന്നായിരുന്നു ശാസ്ത്രിമാരുടെ വിധി. എങ്കിലും ശിശു ഒരു രാജാവായി തീരുമെന്നുള്ള സംഗതിയിൽ അവർക്കാർക്കും തന്നെ ഭിന്നാഭിപ്രായമില്ലായിരുന്നു.

ഉന്നയിച്ചു. അവരോടൊപ്പം ഒരു വിഭാഗം ആളുകൾ ചേർന്ന് സഭയിൽ ഭിന്നത ഉണ്ടായതിനെ തുടർന്നാണ് അവരുമായി രമ്യതപ്പെട്ട് മെത്രാപ്പോലീത്താ സ്ഥാനവും മാർ ദീവന്നാസ്യോസ് എന്ന പേരും സ്വീകരിച്ചത്.

അന്ത്യോക്യയിൽ നിന്നുവന്ന മാർ ഗ്രീഗോറിയോസിൽ നിന്ന് 1772-ൽ മേല്പട്ടസ്ഥാനം സ്വീകരിച്ച കാട്ടുമങ്ങാട്ട് കൂറിലോസ് മലങ്കരയുടെ വടക്കു ഭാഗത്ത് സമാന്തര ഭരണം നടത്തിയിരുന്നു. അദ്ദേഹത്തെക്കൊണ്ട് വടിയും മുടിയും വെപ്പിച്ച് തിരുവിതാംകൂറിലും, കൊച്ചിയിലും നിരോധനം ഏർപ്പെടുത്തിയതോടെ ഈ കലഹം ശമിച്ചു എങ്കിലും ബ്രിട്ടീഷ് മലബാറിലെ ആഞ്ഞൂർ കേന്ദ്രമാക്കി അദ്ദേഹം പ്രവർത്തനം തുടർന്നു.

1653-ലെ കൂനൻ കുരിശു സത്യത്തെ തുടർന്ന് മലങ്കര നസ്രാണികൾ രണ്ടായി ഭിന്നിച്ചുപോയിരുന്നു. ഇവരെ ഒന്നിപ്പിക്കുവാൻ മാർത്തോമ്മാ ആറാമൻ നടത്തിയ ശ്രമങ്ങൾ അപകടത്തിലാണ് കലാശിച്ചത്. പാറേമ്മാക്കാൽ തോമാക്കത്തനാർ, കരിയാറ്റിൽ യൗസേഫ് മല്പാൻ എന്നീ റോമ സുറിയാനി നേതാക്കന്മാരിലൂടെ ആരംഭിച്ച ചർച്ചകൾ അവസാനം തച്ചിൽ മാത്തു തരകനിൽ എത്തിനിന്നു. അക്കാലത്ത് തിരുവിതാംകൂറിൽ അപരിമേയമായ അധികാരങ്ങൾ കൈയാളിയിരുന്ന തരകൻ തന്റെ നാടായ തത്തംപള്ളിയിൽ മാർ ദിവന്നാസ്യോസിനെ കൊണ്ടുപോകുകയും, അവിടെവെച്ച് 1799-ൽ ഇദ്ദേഹത്തെ കൊണ്ട് ബലമായി റോമൻ ക്രമമനുസരിച്ച് പത്തീറാവെച്ച് വി. കുർബാന ചൊല്ലിക്കയും ചെയ്തു. തരകന്റെ പെട്ടെന്നുണ്ടായ വീഴ്ചമൂലം മാത്രം അവിടെനിന്നും രക്ഷപെട്ട ആറാം മാർത്തോമ്മാ മടങ്ങി നിരണത്തെത്തി. പത്തീറാവെച്ച് വി. കുർബ്ബാന ചൊല്ലാൻ ഇടയായതിന് പ്രായശ്ചിത്തമായി അന്നു മലങ്കരയിലുണ്ടായിരുന്ന 72 പള്ളികളിലും സ്വന്തം ചെലവിൽ വി. കുർബാന ചൊല്ലിച്ചു.

ഇദ്ദേഹത്തിന്റെ കാലത്താണ് മലങ്കര സഭയെപ്പറ്റി പഠിക്കുവാൻ ആംഗ്ലിക്കൻ ബിഷപ്പിന്റെ ഡീനായ ഡോ. ക്ലോഡിയസ് ബുക്കാനൻ, 1806-ൽ ആഗതനായത്. മലങ്കരസഭയെ സഹായിക്കുവാൻ ആംഗ്ലിക്കൻ സഭയ്ക്കുള്ള സന്നദ്ധത അദ്ദേഹം അറിയിച്ചു. ബുക്കാനന് 1000 വർഷത്തോളം പഴക്കമുള്ളതും സുറിയാനിയിൽ എഴുതപ്പെട്ടതുമായ ഒരു വേദപുസ്തകം സമ്മാനമായി കൊടുത്തു. കൂടാതെ തന്റെ നിർദ്ദേശപ്രകാരം കായംകുളം ഫീലിപ്പോസ് റമ്പാൻ ആരംഭിച്ചിരുന്ന വേദപുസ്തക പരിഭാഷ ഊർജ്ജിതപ്പെടുത്താൻ ബുക്കാനൻ സഹായിച്ചു. 1811-ൽ അദ്ദേഹം ഏവൻഗേലിയോൻ മലയാളത്തിൽ അച്ചടിച്ചു നൽകി.

വട്ടിപ്പണം എന്നപേരിൽ പിന്നീട് പ്രസിദ്ധമായ 3000 പൂവരാഹന്റെ സ്ഥിര നിക്ഷേപം നടത്തുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചതും 1793-ൽ പുത്തൻകാവ് പള്ളി സ്ഥാപിച്ചതും ഇദ്ദേഹമാണ്. 1805-6 കാലഘട്ടത്തിൽ മലങ്കരയിലെത്തി കലഹമുണ്ടാക്കിയ അന്ത്യോക്യൻ മെത്രാൻ ദീയസ്കോറോസിനെ ഇദ്ദേഹം നാടുകടത്തിച്ചു.

ഇതിനിടയിൽ അനന്തരവൻ മാത്തൻ റമ്പാനെ 1796 മെയ് 5-നു (മേടം 24) പിൻഗാമിയായി മാർത്തോമ്മ-VII എന്ന പേരിൽ ചെങ്ങന്നൂർ പള്ളിയിൽവച്ച് തന്നെ വാഴിച്ചു. നാല്പത്തിമൂന്നു വർഷത്തെ സംഭവബഹുലമായ സഭാഭരണത്തിനുശേഷം 1808 ഏപ്രിൽ 8-ന് 40-ാം വെള്ളിയാഴ്ച നിരണം പള്ളിയിൽ വെച്ച് കാലംചെയ്തു. 12-ാം തീയതി പുത്തൻകാവു പള്ളിയിൽ കബറടക്കപ്പെടുകയും ചെയ്തു.

2

രാജകീയ കൂടിക്കാഴ്ച

കൊല്ലവർഷം 933-ാമാണ്ടു മാർത്താണ്ഡവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു സ്വർഗ്ഗാരോഹണം ചെയ്യുകയും കാർത്തികതിരുനാൾ രാമവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു സിംഹാസനാരോഹണം ചെയ്യുകയും

ചെയ്തു. തിരുമനസ്സുകൊണ്ടു പകലോമറ്റം തറവാട്ടിലെ ശിശുവിന്റെ ജാതക സംഗതിയിൽ സ്വമാതുലൻ ചെയ്യിച്ചിരുന്ന ഗാഢ പരിശോധനകൾക്ക് ഒരു ദൃക്സാക്ഷിയായിരുന്നതിനാൽ രാജതുല്യനായ ആ ശ്രേഷ്ഠപുരുഷനെ ഒരു നോക്കു കാണണമെന്നാഗ്രഹിച്ചിരിക്കവെ നമ്മുടെ കഥാനായകൻ കൊല്ലം 945-ാമാണ്ടു മിഥുനം 29-ാം തീയതി മലങ്കര മെത്രാനാവുകയും മഹാരാജ സന്ദർശനത്തിനായി വിവരം കൊട്ടാരത്തിലേക്കു എഴുതി അയയ്ക്കുകയും ചെയ്തു.

അതാതുകാലം വാഴ്ചഏൽക്കുന്ന മലങ്കര മെത്രാപ്പോലീത്തന്മാർ സ്ഥാനാരോഹണം ചെയ്തു കഴിഞ്ഞാലുടൻ മഹാരാജാക്കന്മാരെ സന്ദർശിച്ചു മടങ്ങുക എന്നുള്ളതു പുരാതനമായ ഒരു കീഴ്നടപ്പായിരുന്നു. മെത്രാപ്പോലീത്തായും മഹാരാജാവുമായുള്ള കൂടിക്കാഴ്ചയിൽ മഹാരാജാവ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ഹസ്തതലത്തെ സാനുകമ്പം ഗ്രഹിച്ചുകൊണ്ടു സുറിയാനി ക്രിസ്ത്യാനികളുടെ മേലദ്ധ്യക്ഷനായ ഒരു മെത്രാപ്പോലീത്തായായിട്ടല്ല കേരളമൊട്ടുക്കു ഭരണാധികാരമുള്ള ഒരു മഹാരാജാവായിട്ടാണു താൻ ഇന്നു മെത്രാപ്പോലീത്തായെ സ്വീകരിക്കുന്നതെന്നും തന്റെ മാതുലനു ലഭിക്കാതിരുന്ന ഈ ഒരു മഹാഭാഗ്യം തനിക്കു ലഭിച്ചതിൽ വളരെ സന്തോഷമുണ്ടെന്നും പ്രസ്താവിച്ചു.

എന്തോ തെറ്റിധാരണയോടു കൂടിയാണു മഹാരാജാവ് ഇപ്രകാരം കൽപ്പിക്കുന്നതെന്നു വിചാരിച്ചു മെത്രാപ്പോലീത്താ അൽപ്പമൊന്നു പരിഭ്രമിച്ചു. താൻ പൊന്നുതമ്പുരാന്റെ സിംഹാസനത്തിനെതിരായി ഇതേവരെയ്ക്കും യാതൊന്നും ചെയ്തിട്ടില്ലെന്നും മർമ്മഭേദകമായ ഈ കൽപ്പന തന്നെ വല്ലാതെ വ്യസനിപ്പിക്കുന്നുവെന്നും മെത്രാപ്പോലീത്താ തിരുമനസ്സുണർത്തിച്ചു.

ഇതിനു മറുപടിയായി മഹാരാജാവു തിരുമനസ്സുകൊണ്ടു തിരുവിതാംകൂർ മഹാരാജാക്കന്മാരുടെ ഭരണസീമയെക്കാൾ മെത്രാപ്പോലീത്തായുടെ ഭരണസീമ വിസ്തൃതമാണെന്നും കേരളമൊട്ടുക്കു ഭരണാധികാരമുള്ള ഒരാൾ എന്ന നിലയിൽ മെത്രാപ്പോലീത്താ ഒരു മഹാരാജാവു തന്നെയാണെന്നു താൻ വിശ്വസിക്കുന്നു എന്നും സന്തോഷസമന്വിതം കൽപ്പിച്ചു.

ഒടുവിൽ മഹാരാജാവ് സമീപത്തിൽ ഒരു പീഠത്തിൽ വെള്ളിച്ചെല്ലത്തിൽ വച്ചിരുന്ന ജാതകങ്ങൾ പത്തും വെള്ളിച്ചെല്ലത്തോടുകൂടിത്തന്നെ മെത്രാപ്പോലീത്തായിക്കു സമ്മാനിക്കുകയും ജാതക നിർമ്മാണത്തെ സംബന്ധിച്ചുള്ള സർവസംഗതികളും സവിസ്തരം കൽപ്പിച്ചു മാർ ദീവന്നാസ്യോസിനെ വളരെ ബഹുമാനപൂർവം യാത്ര അയയ്ക്കുകയും ചെയ്തു.

കേരളത്തിലെ വിവിധ മതങ്ങളെപ്പറ്റി അന്വേഷിപ്പാനായി 1806-ൽ ഇവിടെ എത്തിച്ചേർന്ന ഡോക്ടർ ബുക്കാനൻ സായ്പ്പ് ഈ മഹാനായ മെത്രാപ്പോലീത്തായെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു. "സുറിയാനിസഭയുടെ മെത്രാപ്പോലീത്തായാകുന്ന മാർ ദീവന്നാസ്യോസിന്റെ വാസസ്ഥലം (കണ്ടനാട്) ഇതാകുന്നു. മെത്രാപ്പോലീത്തായുടെ ആഗ്രഹാനുസരണം ഞാൻ അവിടെ എത്തുന്നതിനു മുൻപായി മറ്റു പള്ളികളിൽ നിന്നു വളരെ വൈദികന്മാർ അവിടെ കൂടിയിരുന്നു. പള്ളിയോടു ചേർന്നുള്ള ഒരു കെട്ടിടത്തിലാണ് മെത്രാപ്പോലീത്താ താമസിക്കുന്നത്. ആദ്യകാഴ്ചയിൽതന്നെ അദ്ദേഹത്തിന്റെ ആകൃതി എന്നിൽ നല്ലതുപോലെ പതിഞ്ഞു. കടുഞ്ചുവപ്പായ പട്ടുകൊണ്ടുള്ള ഒരു ളോഹ അദ്ദേഹം ധരിച്ചിരുന്നു. ഒരു വലിയ സ്വർണ്ണക്കുരിശും അദ്ദേഹത്തിന്റെ കഴുത്തിൽ നിന്നു തൂങ്ങിക്കിടന്നിരുന്നു. ബഹുമാനയോഗ്യമായ അദ്ദേഹത്തിന്റെ താടിമീശ അദ്ദേഹത്തിന്റെ അരക്കെട്ടിനു താഴെവരെ എത്തിയിരുന്നു. ക്രിസ്തബ്ദം നാലാം ശതകത്തിൽ ജീവിച്ചിരുന്ന സ്വർണ്ണനാവുള്ള മാർ ഈവാനിയോസ്സിന്റെ ആകൃതി ഇതുപോലെ ആയിരുന്നുവല്ലോ എന്നു ഞാൻ ഓർത്തു. പ്രധാനപ്പെട്ട അവസരങ്ങളിൽ അദ്ദേഹം സ്ഥാനത്തിനടുത്ത ചിഹ്നങ്ങളും മസ്ളീൻകൊണ്ടുള്ള ഒരു പുറംകുപ്പായവും ധരിക്കുന്നു. കൈയിൽ അദ്ദേഹത്തിന്റെ അംശവടിയും പിടിച്ചിരിക്കും. അദ്ദേഹം സഭയിൽവച്ച് ഏറ്റവും ആദരണീയമായ ഉൽകൃഷ്ട സ്വഭാവമുള്ള ആളും അസാധാരണ ദൈവഭക്തിയും തന്റെ വൈദിക കർമ്മങ്ങളിൽ വളരെ ശ്രദ്ധയും നിഷ്ഠയുമുള്ള ദേഹവുമാകുന്നു. അദ്ദേഹത്തിന്റെ സഭയിൽ ഉൾപ്പെട്ട വൈദികഗണങ്ങളിൽ എനിക്കു കാണാൻ ഇടയായിട്ടുള്ള എല്ലാവരെക്കാളും അധികം അറിവുള്ള ഒരാളായിട്ടാണു ഞാൻ അദ്ദേഹത്തെ കണ്ടത്. ഞാൻ ഈ രാജ്യത്തു വന്നതിൽ പിന്നീട് അദ്ദേഹത്തിന്റെ സഭയിലെ വൈദികന്മാരുമായുണ്ടായ എല്ലാ സംഭാഷണങ്ങളെപ്പറ്റിയും അദ്ദേഹത്തിനു അറിവു കിട്ടിയിട്ടുണ്ടെന്നും അദ്ദേഹം എന്നോടു പറഞ്ഞു. പിന്നീടു അദ്ദേഹം എന്നോടു ഇപ്രകാരം സമ്മതിച്ചു. 'അധോഗതിയിലിരിക്കുന്ന ഒരു സഭയെ സന്ദർശിക്കുവാൻ നിങ്ങൾ വന്നിരിക്കുന്നു. ഞാനോ ഒരു വൃദ്ധൻ. എനിക്ക് ആ ദിവസങ്ങൾ കാണാനായി ജീവിച്ചിരിപ്പാൻ സാധിക്കയില്ല. എങ്കിലും എന്റെ സഭയ്ക്കു സുവർണ്ണ കാലഘട്ടങ്ങൾ കാണ്മാൻ കഴിയുമെന്നുള്ള ആശ എന്റെ വൃദ്ധതയെ സന്തോഷിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്യുന്നു."

ഡോക്ടർ ബുക്കാനനെപ്പോലും അദ്ഭുതപ്പെടുത്തിയതായ ഇദ്ദേഹത്തിന്റെ താടിമീശ ഏകദേശം കാൽമുട്ടു വരെ നീണ്ടുകിടന്നിരുന്നതായിട്ടാണ് ചരിത്രത്തിൽ കാണുന്നത്. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ പണി കഴിപ്പിച്ചിട്ടുള്ളതും അദ്ദേഹത്തിന്റെ ധന്യശരീരം സംസ്ക്കരിച്ചിരിക്കുന്നതുമായ പുത്തൻകാവു മലങ്കര സുറിയാനിപ്പള്ളിയുടെ പ്രാകാരത്തിൽനിന്നു മേൽതട്ടിലേക്കുള്ള ഗോവണിപ്പടി ചവുട്ടിക്കയറുന്ന അവസരങ്ങളിലൊക്കെ സ്വന്തം താടിമീശയിൽ തട്ടി മറിഞ്ഞു വീണുപോകാതിരിപ്പാനായി അദ്ദേഹം മീശയെടുത്തു ഇടത്തു തോളിലേക്കിടുക സാധാരണമായിരുന്നുവെന്നു പഴമപരിചയമുള്ള ചില വൃദ്ധന്മാരും ഈ എഴുത്തുകാരനോടു പറഞ്ഞിട്ടുണ്ട്

മഹാനുഭാവനായ ഈ മെത്രാപ്പോലീത്താ 1808 ഡിസംബർ 1-ാം തീയതി നൂറ്റുക്ക് എട്ടു പലിശയ്ക്കു ബ്രിട്ടീഷ് ഗവൺമെന്റിനെ ഏൽപ്പിച്ചിട്ടുള്ള മൂവായിരം പൂവരാഹനെ ഉദ്ദേശിച്ചാണു വട്ടിപ്പണമെന്നു സാധാരണ പറഞ്ഞു വരുന്നത്. കഥാനായകനെപ്പറ്റി ഇത്രത്തോളം ചുരുങ്ങിയ വിവരങ്ങൾ പ്രസ്താവിച്ചുകൊണ്ടു നമുക്കു കഥാരംഗത്തിലേക്കു പ്രവേശിക്കാം.

(തുടരും)



മലങ്കര ഓർത്തഡോക്സ് സഭയുടെ മാവേലിക്കര താഴക്കരയിലെ എം.എസ്.എസ്. ടീച്ചേഴ്സ് ട്രെയിനിങ് ഇൻസ്റ്റ്യൂട്ടിലെ നവീകരിച്ച കമ്പ്യൂട്ടർ ലാബിന്റെ ഉദ്ഘാടനവും കമ്പ്യൂട്ടർ വിതരണവും കാതോലിക്കേറ്റ് ആൻഡ് എം.ഡി. സ്കൂൾ കോർപ്പറേറ്റ് മാനേജർ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് നിർവഹിച്ചു.



കുണ്ടറ ബസീലിയ ഓർത്തഡോക്സ് സെന്ററിൽ സ്ഥാപിതമായിരിക്കുന്ന പരിശുദ്ധ പരുമലത്തിരുമേനിയുടെ നാമത്തിലുള്ള ചാപ്പലിന്റെ പെരുന്നാൾ നവംബർ 2, 3 തീയതികളിൽ സമുചിതമായി ആഘോഷിച്ചു. ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മുഖ്യ കാർമ്മികത്വം വഹിച്ചു. ഫാ. ലെൻസൺ സ്കറിയ അനുസ്മരണപ്രസംഗം നിർവ്വഹിച്ചു.

വചനതീർത്ഥം

സഭയുടെ ശുദ്ധീകരണത്തിലേയ്ക്ക്

നവംബർ 5. കൂദോശ് ഈത്തോ ഞായർ (വി. മത്തായി 16:13–20)

ഫാ. ജെറിൻ ജോൺ അടൂർ
(അടൂർ-കടമ്പനാട് ഭദ്രാസനം)



സഭയുടെ ആരാധനാ വർഷത്തിന്റെ തുടക്കമാണ് കൂദോശ് ഈത്തോ ഞായർ. ഇത് സഭയുടെ ശുദ്ധീകരണത്തിന്റെ ദിവസമാണ്.

ക്രിസ്തുവിൽ ശിഷ്യന്മാർ അസാധാരണമായ ഒരു വ്യക്തിത്വം കണ്ടെത്തുന്ന മനോഹരമായ ഒരു വേദഭാഗമാണ് ഈ ഞായറാഴ്ചയുടേത്. അതുകൊണ്ടു തന്നെ പത്രോസിന്റെ അസാധാരണമായ ഒരു പ്രഖ്യാപനം നിർവഹിക്കപ്പെടുന്നു. 'നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു' (വി. മത്തായി 16:16).

ഈ പ്രഖ്യാപനം തന്നെ മർക്കോസിന്റെ സുവിശേഷം 8:29 ൽ കാണുന്നുണ്ട്. ജനങ്ങൾ ക്രിസ്തുവിനെ ആരാണെന്നാണ് പറയുന്നത് എന്ന് ക്രിസ്തു തന്നെ ശിഷ്യന്മാരുടെ ചോദിക്കുന്ന വേദഭാഗം. മർക്കോസിന്റെ സുവിശേഷം എട്ടു വരെയുള്ള അധ്യായങ്ങൾ ക്രിസ്തുവിന്റെ ഗലീലായയിലെ പ്രവർത്തനങ്ങളും (Galilean Ministry) തുടർന്ന് ക്രിസ്തുവിന്റെ കുരിശിലേക്കുള്ള യാത്രയുടെ ഒരുക്കമായിട്ടും നമുക്ക് കാണാം. ആ ഒരുക്കത്തിന്റെ പ്രാരംഭ പടി എന്നോണം താനാരാണെന്ന് ഒരു അന്വേഷണം ക്രിസ്തു നിർവഹിക്കുകയാണ്. ക്രിസ്തുവിന്റെ വ്യക്തിത്വത്തെ കുറിച്ചുള്ള ശരിയായ അവഗാഹത്തിലേക്ക് ശിഷ്യന്മാരെ നയിക്കുക കൂടിയാണ് ഈ വേദഭാഗം.

ഈ സംഭവങ്ങൾ അരങ്ങേറുന്നത് ഫിലിപ്പിന്റെ കൈസര്യാ യുടെ പ്രദേശത്ത് എത്തിയ ശേഷമാണ്. (വി.മത്തായി 16:13).ഫിലിപ്പിന്റെ കൈസര്യാ ഗലീലാ കടൽത്തീരത്തിന് 25 മൈൽ വടക്കും യോർദാന് അഞ്ചുമൈൽ കിഴക്കുമാണ്. ഈ വേദഭാഗം പഠിക്കുന്നതിനു മുൻപായി ഫിലിപ്പ് രണ്ടാമൻ ആരാണെന്ന് മനസ്സിലാക്കേണ്ടത് അനിവാര്യമാണ്.

ഫിലിപ്പ് രണ്ടാമൻ ബിസി നാലാം നൂറ്റാണ്ട് മുതൽ എ ഡി 34 വരെ ഭരണ നിർവഹിച്ചു. തന്റെ മേലധികാരിയായ ചക്രവർത്തിയുമായി നല്ല ബന്ധം കാത്തുസൂക്ഷിക്കുവാൻ ഫിലിപ്പ് രണ്ടാമന് കഴിഞ്ഞിരുന്നു. ഒരു അഴിമതിരഹിത ഭരണം നിർവഹിച്ച വ്യക്തി കൂടിയാണ് ഫിലിപ്പ് രണ്ടാമൻ. നിലവിലുള്ള നിയമങ്ങളെയൊക്കെ വിശാലമായി വ്യാഖ്യാനിക്കുവാനും ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ അതിനെ മാറ്റം വരുത്തുവാനും അദ്ദേഹം ശ്രമിച്ചു. ഈ പ്രദേശത്തിന് പ്രത്യേകത തന്നെ കുറച്ച് യഹൂദരും കൂടുതൽ വിജാതീയരും ഉള്ള പ്രദേശമായിരുന്നു എന്നതാണ്.

എന്നാൽ ഈ യഹൂദരെയും വിജാതീയരെയും ഒരുപോലെ കൊണ്ടുപോകുവാനായിട്ട് ഫിലിപ്പ് രണ്ടാമൻ പരിശ്രമം നടത്തിയിരുന്നു. ചക്രവർത്തിയുടെ മുഖം ആദ്യമായി നാണയത്തിൽ കൊണ്ടുവന്നത് ഫിലിപ്പ് രണ്ടാമന്റെ കാലഘട്ടത്തിലാണ്. ചക്രവർത്തിയുടെ ഭരണത്തിന് പുതിയൊരു കേന്ദ്രം കൊണ്ടുവരുവാനും അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. ചക്രവർത്തിയുടെ പേരും തന്റെ പേരും ചേർത്ത് ഒരു പട്ടണത്തിന് പേരിടുവാനും ശ്രമിച്ച വ്യക്തിയാണ് ഫിലിപ്പ് രണ്ടാമൻ. അതുകൊണ്ടാണ് ഫിലിപ്പിന്റെ കൈസര്യ എന്ന പേര് ഈ പ്രദേശത്തിന് ലഭിച്ചത്. മറ്റ് ചക്രവർത്തിമാരിൽ ആരിലും ഇല്ലാതിരുന്ന ഒരു പുതുമ ഇദ്ദേഹത്തിൽ ജനം കണ്ടിരുന്നു. ഈ പട്ടണത്തിന് മറ്റു പ്രദേശങ്ങളിൽ നിന്ന് വ്യത്യസ്തമായി പുതിയ അനുഭവവും, ഒരു പുതുക്കത്തിന് കാതലും രൂപപ്പെട്ടിരുന്നു. അതുകൊണ്ടു തന്നെ ക്രിസ്തു അദ്ദേഹത്തിന്റെ ഭരണ പ്രദേശത്ത് ഒരു പുതിയ അധ്യായം കുറിക്കുകയാണ്.

ആ പുതുക്കത്തെയും നവ്യ അനുഭവത്തിന്റെയും ആഴമാണ് ഈ പ്രദേശത്ത് എത്തിയപ്പോൾ ക്രിസ്തുവിന് ചോദ്യങ്ങൾ ചോദിക്കുവാൻ തക്കവണ്ണം പ്രേരണ ഉണ്ടായത് എന്ന് അനുമാനിക്കാം. അതുകൊണ്ട് സഭയുടെ ആരാധന വർഷം ആരംഭിക്കുമ്പോൾ ഒരു പുതുക്കത്തിന്റെയും നവ്യ അനുഭവത്തിന്റെയും പ്രദേശമായ ഫിലിപ്പിന്റെ കൈസര്യയായിൽ നടക്കുന്ന സംഭവങ്ങൾക്ക് നമ്മുടെ ജീവിതത്തിന്റെ വിശുദ്ധിയോടും പുതുക്കത്തോടും ചേർത്ത് വ്യാഖ്യാനിക്കുവാൻ കഴിയും.

സഭയുടെ വിശുദ്ധിയും പുതുക്കവും ആണല്ലോ കൂദോശ് ഈത്തോ. സഭയുടെ വിശുദ്ധി എന്നാൽ നാം ഓരോരുത്തരുടെയും വിശുദ്ധിയാണ്.

ഈ വിശുദ്ധിയും പുതുക്കവും പ്രാപിക്കുവാൻ, ജീവിതത്തെ പുനഃക്രമീകരിക്കുവാൻ ചില ബോധ്യങ്ങൾ നമുക്ക് ഉണ്ടാകേണ്ടത് അനിവാര്യമാണ്.

1. സഭയുടെ വിശുദ്ധി: നമ്മെപ്പറ്റി ആഴത്തിലുള്ള തിരിച്ചറിവും, സ്വയാവബോധവും സൃഷ്ടിക്കുന്നതിലൂടെ

യഥാർത്ഥത്തിൽ ഈ വേദഭാഗത്ത് രണ്ടു ചോദ്യങ്ങൾ ക്രിസ്തു ചോദിക്കുന്നുണ്ട്. ഒന്ന് തന്നെ പറ്റിയുള്ള സാമാന്യജനത്തിനുള്ള അവബോധവും, രണ്ട് തന്നെപ്പറ്റി ശിഷ്യന്മാർക്കുള്ള അവബോധവും ആണ്. ജനങ്ങൾ തന്നെ ആര് എന്ന് പറയുന്നു എന്നതിൽ യോഹന്നാൻ സ്നാപകൻ, ഏലിയാവ്, യിരമ്യാവ്, മറ്റു പ്രവാചകന്മാരിൽ ഒരുവൻ എന്നിങ്ങനെ അവരുടെ മറുപടി ക്ഷണത്തിൽ ധ്വനിച്ചു. ഒരു സാധാരണക്കാരനായ മനുഷ്യന് ക്രിസ്തു എന്നാൽ ഈ പ്രവാചകന്മാരിൽ ഒരാളായിട്ട് മാത്രമായിരുന്നു മനസ്സിലായിരുന്നത്. അവരുടെ വിലയിരുത്തലുകൾ നല്ലതുതന്നെയായിരുന്നു. പക്ഷേ യാഥാർത്ഥ്യത്തോട് ചേർന്ന് നിൽക്കുവാൻ കഴിഞ്ഞിരുന്നില്ല, ഏറ്റവും നല്ലതോളം എത്തിയതുമില്ല, വലിയവനായി അംഗീകരിച്ചതും ഇല്ല. ഒരു പ്രവാചകനാണ്, എന്നാൽ 'ഏറ്റവും വലിയ പ്രവാചകനായി' അവനെ അവർ അംഗീകരിച്ചില്ല. ഈ പരിഗണനകൾ യഥാർത്ഥത്തിൽ ബലഹീനമായ അനുമോദനം കൊണ്ട് അവനെ കുറ്റം വിധിക്കുന്ന ഒരു കാഴ്ചപ്പാട് ആയിട്ട് മറ്റൊരു തലത്തിൽ നമുക്ക് വ്യാഖ്യാനിക്കുവാൻ കഴിഞ്ഞേക്കാം. മറ്റ് പ്രവാചകന്മാരെ പോലെ അവൻ കേവലം ഒരു മനുഷ്യൻ മാത്രമായിരുന്നുവെങ്കിൽ അവൻ തട്ടിപ്പുകാരൻ ആകുന്നു, കാരണം അവൻ ദൈവത്വം അവകാശപ്പെട്ടിരുന്നു. ഇതായിരുന്നു യഥാർത്ഥത്തിൽ ജനത്തിന്റെ കാഴ്ചപ്പാട്. ഇത് യഥാർത്ഥത്തിൽ ഒരു Mob Psychogy ആണ്. അതിൽ കെണി ഉണ്ടാകും. എന്നാൽ ജാഗ്രതയോടും സൂക്ഷ്മതയോടും ആയിരിക്കുക എന്നുള്ളത് ഒരു നേതാവിന്റെ പ്രത്യേകതയാണ്. ആൾക്കൂട്ടം ഒരുക്കുന്ന കെണിയിൽ ഒരു നേതാവ് വീഴുവാൻ ആയിട്ട് ഇടയാകരുത്.

എന്നാൽ ശിഷ്യന്മാരോട് താൻ ആരാണെന്നുള്ള ചോദ്യത്തിന് ശീമോൻ പത്രോസിൽ നിന്നും ഒരു മഹൽ പ്രഖ്യാപനം ഉയർന്നു വരുന്നു. സ്വബുദ്ധിയിലോ സ്വാഭാവിക ജ്ഞാനത്തിലോ വലിപ്പം അവകാശപ്പെടുവാൻ കഴിയാത്തവനും, മുക്കുവനും ആയിരുന്ന പത്രോസിന് യേശുക്രിസ്തുവിനെ കുറിച്ചുള്ള ഈ ദിവ്യമായ അറിവ് വളരെ പ്രസക്തമാണ്. പിതാവായ ദൈവം അമാനുഷികമാകുന്ന നിലയിൽ ഈ പരിജ്ഞാനം പത്രോസിന് പകരുകയായിരുന്നു.

സാധാരണക്കാരായ നാം ഓരോരുത്തരും രണ്ട് കൂട്ടങ്ങളിൽ അംഗമാണ്. ഒന്ന്, ആൾക്കൂട്ടത്തിന്റെ തലത്തിലും (oklos - crowd) രണ്ട്, കൂട്ടായ്മയുടെ തലത്തിലും (Koinonia - community). ആൾക്കൂട്ടം എപ്പോഴും ആരവങ്ങൾ പേറുന്നവരാണ്. ക്രിസ്തുവിനെതിരെ ആരവങ്ങൾ പേറിയത് മുഴുവനും ആൾക്കൂട്ടമാണ്.

അതുകൊണ്ടുതന്നെ ക്രിസ്തു ആരാണെന്ന് രണ്ടു തലങ്ങളിൽനിന്ന് ക്രിസ്തുവിന് സ്വയ അവബോധം ഉണ്ടായി.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ഒന്ന്, ആൾക്കൂട്ടത്തിൽ നിന്ന് (Crowd), രണ്ട് സ്വന്തം കൂട്ടത്തിൽ (Community) നിന്ന്. ഈ അവബോധങ്ങൾ സൃഷ്ടിച്ചെടുക്കുമ്പോൾ വിശുദ്ധിയുടെ തലങ്ങളിലേക്ക് ഉയരുവാൻ ആയിട്ട് കഴിയും.

2. സഭയുടെ വിശുദ്ധി: പ്രതീക്ഷകളിന്മേലുള്ള വിജയം

നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്ന പത്രോസിന്റെ പ്രഖ്യാപനം പ്രതീക്ഷകൾ ഉറപ്പിക്കുന്ന പ്രഖ്യാപനമാണ്. ഈ യാഥാർത്ഥ്യത്തിന്മേൽ സഭ പണിയപ്പെട്ടിരിക്കും എന്ന പ്രതീക്ഷയോടെ നാമ്പുകൾ നൽകുന്ന സുന്ദരമായ സന്ദർഭം. പ്രതീക്ഷയുടെ നാമ്പുകൾ നൽകുന്ന പാറ ആരാണ്, അഥവാ ഏതാണ് എന്നുള്ളത് പ്രസക്തമായ ഒരു ചോദ്യം തന്നെയാണ്. മൂല ഭാഷയായി ഗ്രീക്കിൽ പത്രോസിനും പാറയ്ക്കും ഒരുപോലെയുള്ള വാക്കുകൾ ഉപയോഗിച്ചിരിക്കുന്നു എന്ന ഒരു വസ്തുത ആശങ്കകൾ നൽകുന്നുണ്ട്. എന്നാൽ ആദ്യം ഉപയോഗിച്ചിരിക്കുന്ന 'പെട്രോസ് (Petros) എന്നതിന്റെ അർത്ഥം ഒരു കല്ല് അഥവാ പാറക്കഷണം എന്നാണ്. (A Piece of Rock). എന്നാൽ രണ്ടാം പദം 'പെട്രാ' (Petra) എന്നതിന് പാറ (Rock) എന്നാണർത്ഥം (വി. മത്തായി 16:18) അതുകൊണ്ട് സഭയെ പണിയുന്നത് പാറ കഷണത്തിന്മേൽ അല്ല പിന്നെയോ പത്രോസ് ഏറ്റുപറഞ്ഞ് ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാകുന്ന പാറമേലാണ്. ഇത് യഥാർത്ഥത്തിൽ ചില പ്രതീക്ഷകളുടെ നവ്യ അനുഭവമാണ്, പുതുക്കമാണ്. ക്രിസ്തുവാകുന്ന മൂലക്കല്ലിന്മേലാണ് സഭ പണിയപ്പെട്ടിരിക്കുന്നത്. (എഫേ.2:20). പൗലോസ് കൊരിന്ത്യരുടെ ഒന്നാം ലേഖനത്തിലും ക്രിസ്തുവിനെ പാറ എന്ന് വിശേഷിപ്പിക്കുന്നു. (1 കൊരി.10:4). രണ്ടു പ്രാവശ്യം ക്രിസ്തുവിനെ കല്ല് എന്ന പത്രോസ് വിശേഷിപ്പിക്കുന്നു. സഭയുടെ അടിസ്ഥാനം താനാണ് എന്ന് പത്രോസ് ഒരിക്കലും അവകാശപ്പെട്ടിട്ടുമില്ല (അപ്പോ. 4:11, 12; 1 പത്രോസ് 2:4-8). എന്നാൽ ഇവിടെ മൂലക്കല്ല് ആയിട്ടാണ് വിശേഷിപ്പിച്ചിരിക്കുന്നത് എന്ന് മാത്രം.

'ഞാനെന്റെ സഭയെ പണിയും' എന്ന ക്രിസ്തുവിന്റെ പ്രഖ്യാപനം കൂട്ടായ്മയുടെ പുതിയ തലത്തിലേക്കുള്ള പ്രതീക്ഷയാണ്.

എബ്രായ തിരുവെഴുത്തുകളിൽ പാറ എന്ന രൂപാലങ്കാരപ്രയോഗം ഒരു ഭാഗത്തും മനുഷ്യരെ വിശേഷിപ്പിക്കുവാൻ ഉപയോഗിക്കുന്നതായി കാണുന്നില്ല. എല്ലായിടത്തും അത് ദൈവത്തെയാണ് ഉദ്ദേശിക്കുന്നത്. ആയതിനാൽ ഫിലിപ്പിന്റെ കൈസരിയായിൻ മേലോ പത്രോസിന് മേലൊ ഒന്നുമല്ല സഭ പണിയപ്പെട്ടിരിക്കുന്നത്. ക്രിസ്തുവിനെ പറ്റിയും സഭയെപ്പറ്റിയും ഉള്ള പുത്തൻ പ്രതീക്ഷകൾ പുതുമയുടെ വാതായനങ്ങൾ തുറക്കുന്നു.

3. സഭയുടെ വിശുദ്ധി: ദൈവ സ്വപ്നങ്ങൾക്ക് പിന്നാലെ പായുന്നവരുടെ പുതുക്കം

പെന്തിക്കോസ്ത് നാളിൽ സഭ സ്ഥാപിതമായപ്പോൾ യഹൂദന്മാരിലും ജാതികളിൽ നിന്നും ഉള്ള യഥാർത്ഥ വിശ്വാസികൾ ആണ് അതിലെ അംഗങ്ങളായത്. ഒറ്റപ്പെട്ട് നയിക്കുവാൻ കഴിയുന്ന ജീവിതമല്ല സഭാ ജീവിതം എന്നും അതിന് കൂട്ടായ്മയുടെ ആഴം ഉണ്ട് എന്ന് മനസ്സിലാക്കണം.

ഒരു സന്ദർശകൻ മിസിസിപ്പി നദിയിൽ (വടക്കേ അമേരിക്കയിലെ ഏറ്റവും നീളം കൂടിയ രണ്ടാമത്തെ നദി) വന്നപ്പോൾ ഒരു സംഭവം പറയപ്പെടുന്നു. അയാൾക്ക് നദിക്ക് കുറുകെ പോകേണ്ടിവന്നു, പക്ഷേ പാലമില്ലെന്ന് കണ്ടെത്തി. ഭാഗ്യവശാൽ, അത് മഞ്ഞുകാലമായിരുന്നു, വലിയ നദി മഞ്ഞുമൂടിയതാണ്. എന്നാൽ മഞ്ഞുപാളിയുടെ കനം അറിയാതെ അതിന് മുകളിലൂടെ നടക്കാൻ സന്ദർശകന് ഭയമായിരുന്നു. ഒടുവിൽ, അതീവ ജാഗ്രതയോടെയും ഭയത്തോടെയും അവൻ കൈകളും മുട്ടുകളും ഇഴയാൻ തുടങ്ങി ... ... ഷീറ്റിട്ട ഐസിന് മുകളിലൂടെ ഉള്ള യാത്ര.

ഐസിന് അവനെ പിടിച്ചു നിർത്താൻ കഴിയുമോ അതോ എപ്പോൾ വേണമെങ്കിലും പൊട്ടുമോ എന്ന ഭയം. പാതി വഴിയിൽ എത്തിയപ്പോൾ പെട്ടെന്ന് പിന്നിൽ നിന്ന് പാട്ടു കേട്ടു.

ജാഗ്രതയോടെ, അവൻ തിരിഞ്ഞു നോക്കി, ആ കാഴ്ച കണ്ടു ഞെട്ടി: മറ്റൊരു യാത്രക്കാരൻ - ആ നാട്ടുകാരൻ - അവന്റെ പിന്നാലെ വരുന്നു. നാല് കുതിരകളുള്ള വണ്ടി ഓടിച്ചുകൊണ്ട്, ഐസിന് മുകളിലൂടെ വരുന്നു. അവൻ കടന്നു പോകുന്നത് ആഹ്ലാദത്തോടും സന്തോഷത്തോടും കൂടി.

അതായിരുന്നു ഇരുവരും തമ്മിലുള്ള വ്യത്യാസം - സന്ദർശകനും നാട്ടുകാരനും! എപ്പോൾ ഐസ് പൊട്ടുമെന്നും താൻ വെള്ളത്തിനകത്തായിരിക്കുമെന്നും അറിയാതെ സന്ദർശകൻ നിരന്തരമായ ഭയത്തിലായിരുന്നു!

തന്റെ ഭാരവും അതുപോലെ തന്നെ തന്റെ സാമഗ്രികളുടെ ഭാരവും ഉൾക്കൊള്ളാൻ ഐസിന് ശക്തമാണെന്ന് പൂർണ്ണമായി അറിഞ്ഞുകൊണ്ട് ആ നാട്ടുകാരൻ തികഞ്ഞ ആനന്ദത്തിലായിരുന്നു! അതുപോലെ തന്നെയാണ് നമ്മുടെ വിശ്വാസയാത്രയും. വഴിയെ കുറിച്ച് യാതൊരു ധാരണയുമില്ലാതെ ഒറ്റയ്ക്ക് പോകുന്നത് എപ്പോഴും അപകടവും ഭയവും നിറഞ്ഞതാണ് എന്നാൽ വഴിയെ കുറിച്ച് നന്നായി അറിയാവുന്നവരോടൊപ്പം യാത്ര ചെയ്യുമ്പോൾ... ... യാത്ര മനോഹരമായ ഒരു മെലഡിയായി മാറുന്നു - സന്തോഷവും ഉന്മേഷവും നിറഞ്ഞതാണ്!


ഇതാണ് ഒരർത്ഥത്തിൽ സഭാ ജീവിതം എന്ന് വിശേഷിപ്പിക്കാവുന്നത്.

അതുകൊണ്ട് സഭയുടെ ശുദ്ധീകരണം നമ്മുടെ ഓരോരുത്തരുടെയും ശുദ്ധീകരണമാണ്.

ഫിലിപ്പിന്റെ കൈസരിയായിലെ ഈ ദിവസം യഥാർത്ഥത്തിൽ സുവിശേഷത്തിന്റെ ഒരു പുതുനാമ്പിന് ജീവൻ നൽകപ്പെടുന്നു. ശുദ്ധീകരിക്കപ്പെടുമ്പോഴാണല്ലോ പുതുമ ഉണ്ടാകുന്നത്. ആ ശുദ്ധീകരണത്തിന്റെയും പുതുമയുടെയും അനുഗ്രഹീത ദിവസമാണ് ഇത്. അത് നാം ഓരോരുത്തരുടെയും ശുദ്ധീകരണമായി മാറി തീരുവാൻ ഇടയാകട്ടെ.

❑





കഴിഞ്ഞ ഒരു വർഷക്കാലം ആരാധനാകാലത്തെ ഞായറാഴ്ച ഏവൻഗേലിയോനെ ആസ്പദമാക്കി വചനതീർത്ഥം എഴുതിയ വന്ദ്യ ഫിലിപ്പോസ് റമ്പാനും, ബഹു. ഫാ. ഗീവർഗീസ് തോമസിനും ന്യൂസ് ബുള്ളറ്റിൻ പ്രവർത്തകരുടെയും വായനക്കാരുടെയും പേരിൽ ഹൃദയപൂർവ്വമായ നന്ദി അറിയിക്കുന്നു.

- പത്രാധിപ സമിതി



ലയൺസ് ഇന്റർനാഷണലിന്റെ ബെസ്റ്റ് പ്രസിഡണ്ട്സ് അവാർഡ് പ്രൊഫ. മാത്യു ജേക്കബ് ഏറ്റുവാങ്ങുന്നു. മുൻ സഭാ മാനേജിംഗ് കമ്മിറ്റിയംഗമാണ്.

Church Calendar

KOODOSH EETHO: THE SEASON OF A NEW BEGINNING



Fr. Sajoie Samuel

INTRODUCTION

Koodosh Eetho is the first Sunday of the Church's liturgical calendar year. The Sunday that falls between October 30 and November 05 is celebrated as Koodosh Eetho or Feast of Sanctification. The liturgical year is divided into six seasons. They are Koodosh Eetho to Yeldo, Yeldo to Kothine, Kothine to Kymtha, Kymtha to Pentecost, Pentecost to Sleeba and Sleeba to Koodosh Etho.

In Mathew 16: 13-20 Jesus takes His disciples to Caesarea Phillipi and asks them who He is. To this St. Peter says that He is the Messiah, the Son of the Living God.

I. A SEASON TO IDENTIFY

Koodosh Eetho is said to be the New Year Day of the church calendar year. A day when it is apt to identify our relation with our Savior. The masses around us might have various opinion about who Jesus Christ is for them. But our testimony about Jesus Christ paves the way for our spiritual life.

Here Jesus is teaching His discipes how to identify His identity in their life. To know who Jesus is, one has to stand away from the crowd. Like a lotus maintains its beauty even when it is in muddy waters, similarly we are to maintain our purity amidst testing times.

St. Peter teaches us that are opinion about who Jesus Christ is, has to be a notch higher than the others. A prophet or a messenger is not the right way to identify the Messiah who descended on earth to be the cause of remission of sins of humankind.

We always complain about the evil times we live in. But let's not forget that during the time of the disciples, there were challenges in the spiritual realm. Jesus asks for their testimony, not in Israel, but in a heathen place called Caesaria Phillipi. Being at a place away from his hometown did not deter St. Peter from identifying his Savior. Caesaria Phillipi was north of Galilee and was full of heathen worshippers.

But why were others having a different view about Jesus Christ? It was because they saw Jesus Christ under the haze of foreign gods. Even in our families the members would have different views about the identity of Jesus Christ. Its here that we can help others to mend their views about the role of Jesus Christ in their life.

Many times when life hurls challenging situations at us, we are bound to ask a question: "Why me Lord?". For an instant even St. Peter would have asked the same question. But he is aptly rewarded, by our Lord for answering with conviction. So when life hurls problems at us, let us not forget that it is going to be a blessing in disguise for us.

St. Peter answers the question posed by Jesus on behalf of other discipes. Are we ready to answer on behalf of our kith and kin when they are amidst problems in life? Abraham requests to God to spare the people of Sodom and Gomorrah. All the spiritual stalwarts in the Holy Bible had a spiritual conviction about who God Almighty was, because of which they were able to lead pious lives and also lead others on that life of purity.

II. A SEASON TO LET GO

Alexander Pope says: " To err is human, but to forgive divine ". Nature teaches humans to forgive. A plant does not keep grudges against the person who plucks it's flowers. A tree gives shade to the woodcutter who cuts it. A river flows with grace even when a bucket of water is taken from it.

Jesus tells Peter that whatever he binds on earth will be bound in heaven and that whatever he will loose on earth will be loosed in heaven. Being forgiving is being selfish albeit in the positive sense. We are doing ourselves a favor by forgiving others. Pleasant memories are a gift to the human mind, but sour memories are a bane.

Embracing forgiveness has many benefits for the forgiver. That is why I feel forgiving others is a positive form of being selfish. To enumerate the benefits of forgiving will highlight this. Forgiveness helps us to reduce the negative thinkings in our mind that leads to depression. When we let go of the insult hurled at us by others, we are curbing the flow of anxiety in our mind. It equips our mind to think in a positive manner.

Letting go of trivial matters helps us to strengthen our spiritual life. A calm mind is better equipped to cope up with stress and find relief. Moreover we are able to cement our relationships with others when we cut out insignificant matters from our life. We give lifestyle diseases an open invitation when we are not calm in mind. Conflicts management can be better coped up with when we learn to forgive others.

By not forgiving others, we are keeping our wounds and sores alive. When we have a wound on our body we need to clean it and apply medication on it to expedite the healing process. On the contrary, if we leave the wound unattended, it would make matters worse. Similarly if we postpone the urgent need to forgive others, it will only result in further spiritual deterioration.

Several times we are caught in a trap after we sin. We muster up courage, ask pardon to the person we wronged, but we fumble when we think whether God will forgive us. In vs. 17 Jesus says that whatever is forgiven on earth is forgiven in heaven too. Proper forgiveness also unlocks God's mercy, whereby He forgives us too.

CONCLUSION

On November 05th at 02.00am is the time when the clocks are set back by one hour. Sunrise and sunset will be about one hour earlier on November 05, 2023 than the day before. So there will be more light in the morning. This helps foreign nations to save on their resources and money. In the spiritual realm when we are about to start a new spiritual journey, let us make a few changes as it would help us to make positive changes in our relationship with God. ❑

ഡീസിസ് ഐക്കണിന്റെ വിശദീകരണം



ഫിലിപ്പോസ് റമ്പാൻ
(ജ്യോതിസ്സ് ആശ്രമം, രാജസ്ഥാൻ)



"നിന്നെ പ്രസവിച്ച മറിയാമും നിന്നെ മാമോദീസാ മുക്കിയ യോഹന്നാനും ഞങ്ങൾക്കുവേണ്ടി നിന്നോട് അപേക്ഷിക്കുന്നു. കർത്താവേ ഞങ്ങളോട് എല്ലാവരോടും കരുണയുണ്ടാകണമേ" (എക്ബോ, ബുധനാഴ്ച പ്രഭാതം). ഈ ഐക്കണിൽ യേശുക്രിസ്തുവിന്റെ ഇരുവശത്തുമുള്ള വി. കന്യക മറിയാമും, വി. യോഹന്നാൻ സ്നാപകനും കർത്താവിന്റെ ആദ്യസാക്ഷികളെ (മറിയാം ജനന സമയത്തും യോഹന്നാൻ സ്നാപകൻ സ്നാനത്തിലും) പ്രതിനിധീകരിച്ച് മദ്ധ്യസ്ഥത വഹിക്കുന്നതിന്റെ ഉദാഹരണമാണ്. വി. ത്രോണോസിന്റെ കിഴക്കുഭാഗത്തിനു അനുയോജ്യമായ ഒരു ഐക്കൺ ആണ്. ഈ ഐക്കൺ ഓർത്തഡോക്സിയുടെ ഏറ്റവും ദൃശ്യരൂപമാണ്. ഇത് വാങ്ങിപ്പോയ വിശുദ്ധരുടെ വെറും ഒരു ചിത്രമല്ല. പിന്നെയോ അവരുടെ നിത്യമായ സാന്നിദ്ധ്യം ഇതിലൂടെ പ്രകടമാക്കുകയും അവർ നമുക്കുവേണ്ടി മദ്ധ്യസ്ഥത അണയ്ക്കുകയും നമ്മോടൊപ്പം പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സിംഹാസനസ്ഥനായ ക്രിസ്തുവും ക്രിസ്തുവിനരികിൽ നിൽക്കുന്ന അമ്മ മറിയാമും, യോഹന്നാൻ സ്നാപകനും ഇവരുടെ കൈകളിലേക്ക് നാം ശ്രദ്ധിക്കുമ്പോൾ രണ്ടു ആശയങ്ങൾ നമുക്ക് ലഭിക്കുന്നു. (1) മറിയാമും യോഹന്നാൻ സ്നാപകനും നമ്മൾക്കുവേണ്ടി ക്രിസ്തുവിനോടു അപേക്ഷിക്കുന്നു എന്നുള്ളതിന്റെ സൂചനയായിട്ടാണ് കൈ അങ്ങനെ പിടിച്ചിരിക്കുന്നത്. (2) മറിയാമിന്റെ പുത്രൻ എന്ന അർത്ഥം അതായത് ക്രിസ്തുവിനെ പ്രസവിച്ച അമ്മ. ഞാൻ എന്റെ മകനെ ലോകത്തിനു നൽകുന്നു എന്ന സൂചനയായിട്ടാണ് ആ കരങ്ങൾ അങ്ങനെ പിടിച്ചിരിക്കുന്നത്. യോഹന്നാൻ സ്നാപകനെ നോക്കുമ്പോൾ അദ്ദേഹം തന്റെ കൈകൊണ്ട് കാണിക്കുന്നത് ക്രിസ്തുവിന്റെ മുന്നോടിയായിരുന്ന താൻ സുവിശേഷം അറിയിച്ചത് ഈ ക്രിസ്തുവിനെ വെളിപ്പെടുത്തുവാനാണ് എന്നതാണ് യോഹന്നാൻ സ്നാപകൻ സൂചിപ്പിക്കുന്നത്. ക്രിസ്തു ഇവിടെ സിംഹാസനത്തിൽ ഇരിക്കുന്നു. കരങ്ങളിൽ ഇരിക്കുന്നത് സുവിശേഷമാണ്. അതായത് ക്രിസ്തു ഒരു ഗുരു എന്ന രീതിയിൽ ജീവന്റെ സുവിശേഷം നമ്മോടറിയിക്കുന്നു.

ഐക്കണുകളുടെ രചനാരീതി ശ്രദ്ധിക്കുകയാണെങ്കിൽ അവ വളരെ വ്യത്യസ്തമാണ്. പ്രത്യക്ഷത്തിൽ അസുന്ദരങ്ങളും അസ്വാഭാവികങ്ങളുമാണ് അവ. ചിത്രമെഴുത്ത് അത്ര വശമില്ലാത്ത ആളുകളുടെ ഒരു രചനയായി തോന്നാം. ഇലഹലോകചരിത്രത്തിൽ പരിമിതങ്ങളായ രൂപങ്ങളും അതേ ഛായാചിത്രമല്ല ഐക്കണുകൾ പകർത്തുക. വരുവാനുള്ള ലോകത്തിന്റെ അടയാളങ്ങളാണ് ഇതിൽ കോറിയിടുന്നത്. അനന്തമായ ദൈവിക ലാവണ്യം പകർത്തുന്നതിനുള്ള സൃഷ്ടിയുടെ അശക്തിയാണ് അപൂർണ്ണ രൂപങ്ങളിലും മറ്റും സൂചിപ്പിക്കപ്പെടുന്നത്. ഐക്കണുകളിലെ വ്യക്തികളുടെ രൂപങ്ങൾക്ക് അവരുടെ ദിവ്യസ്വഭാവ പങ്കാളിത്തമനുസരിച്ചാണ് വലിപ്പം നിർണ്ണയിക്കപ്പെടുക. മനുഷ്യമുഖങ്ങളിൽ വായ് ചെറുതും കണ്ണും കാതും വലുതായി കാണാറുണ്ട്. വ്യർത്ഥഭാഷണങ്ങളിൽ നിന്നകന്ന്, മിണ്ടാതെയിരുന്ന് ദൈവമാരെന്നറിയുന്നവരുടെ ജാഗ്രതയും സാധനയും ഇത് ഓർമ്മിപ്പിക്കുന്നു.

ഐക്കൺ രചിക്കുന്നതിനുള്ള പലകകൾ നിർമ്മിക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളുണ്ട്. ചിത്രത്തിൽ ഉപയോഗിക്കുന്ന നിറങ്ങൾക്ക് സവിശേഷമായ അർത്ഥങ്ങൾ നൽകിയിട്ടുണ്ട്. വെള്ള നിറം നിത്യതയെയും വിശുദ്ധരെയും കുറിക്കുന്നു. നീല എളിമയും വിരക്തിയും പൗരോഹിത്യവേഷവും, ചുവപ്പും പർപ്പിൾ നിറം സ്നേഹവും രാജകീയ വസ്ത്രവും സൂചിപ്പിക്കുന്നു. പച്ചനിറം ജീവന്റെ സമൃദ്ധിയും, പരിശുദ്ധാത്മ സാന്നിദ്ധ്യത്തെയും കുറിക്കുന്നു. മഞ്ഞനിറം സത്യവും രക്ഷയും പ്രഖ്യാപിക്കുന്നു. ചിത്രമെഴുത്തിന്റെ പ്രാരംഭത്തിൽ കടുംനിറങ്ങൾ ചാലിക്കുന്നു. തുടർന്ന് ഇളംനിറങ്ങൾ നൽകി നേർപ്പിച്ച് പ്രകാശിതമാക്കുന്ന ശൈലിയാണ് ഉള്ളത്. ഇത് മനുഷ്യന്റെ ദൈവിക തേജസ്സിലേക്ക്, മഹത്വത്തിലേക്കുള്ള വളർച്ചയാണ് കാണിക്കുന്നത്. ഐക്കൺ രചയിതാക്കൾ വിശ്വാസ ജീവിതം നയിക്കുന്നവരായിരിക്കണം. കലയും കഴിവും മാത്രം പോരാ ജീവിതവിശുദ്ധിയും അനിവാര്യമാണ്. കേവല ഭാവനയല്ല യഥാർത്ഥ ധ്യാനമാണ് ഇവിടെ ആവശ്യമായിരിക്കുന്നത്.

ഭാഗ്യസ്മരണാർഹനായ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി ഐക്കണെക്കുറിച്ച് പറഞ്ഞിരിക്കുന്നത് "ചിത്രങ്ങൾ ഒരു വ്യക്തിയുടെ അഭാവത്തെയും ഐക്കണുകൾ ഒരു വ്യക്തിയുടെ സാന്നിദ്ധ്യത്തെയും കാണിക്കുന്നു" എന്നാണ്. ❑



പരിശുദ്ധ പരുമല തിരുമേനിയുടെ 121-ാം ഓർമ്മപെരുന്നാളിൽ നവംബർ ഒന്നിന് സന്ധ്യയ്ക്ക് പ. ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ശ്ലൈഹിക വാഴ്വ് നൽകുന്നു.



മദ്രാസ് ഭദ്രാസനത്തിൽ നിന്നുള്ള തീർത്ഥയാത്രാ സംഘം പരുമല പുണ്യവാളന്റെ കബറിങ്കലേക്ക്. ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ്, ഗീവർഗീസ് മാർ പീലക്സീനോസ് എന്നിവർ നേതൃത്വം നൽകി.



പ. പരുമല തിരുമേനിയുടെ കബറിങ്കലേക്കുള്ള തിരുവനന്തപുരം ഭദ്രാസന പദയാത്ര.



പരുമലയിലെത്തിച്ചേർന്ന മലങ്കരയിലെ ഏറ്റവും ദൈർഘ്യമേറിയ പദയാത്രയായ കേളകം പദയാത്രാ സംഘത്തെ പരുമല സെമിനാരി മാനേജരുടെ നേതൃത്വത്തിൽ സ്വീകരിക്കുന്നു. അതിതീവ്രമായ മഴയും വെയിലും അതിജീവിച്ച് നാനൂറ്റമ്പതോളം കിലോമീറ്ററുകൾ പതിനൊന്ന് ദിവസം കൊണ്ട് പിന്നിട്ടാണ് കണ്ണൂരിലെ കേളകത്തു നിന്നുള്ള പദയാത്രികസംഘം പരിശുദ്ധ പരുമല തിരുമേനിയുടെ കബറിങ്കൽ എത്തിയത്.



കഴിഞ്ഞ 13 വർഷമായി മാവേലിക്കര പുന്നമൂട് സെന്റ് ഗ്രീഗോറിയോസ് പള്ളിയിൽ നിന്നും ആരംഭിച്ചു, പരുമലയിൽ എത്തിച്ചേരുന്ന മലബാർ ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിലുള്ള പരുമല പദയാത്രയ്ക്ക് മലബാർ ഭദ്രാസന ഇടയൻ ഗീവർഗീസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ നേതൃത്വം നൽകി.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



ജർമ്മനിയിലെ Bielefeld St. Gregorios ഇടവക പരിശുദ്ധ പരുമല മാർ ഗ്രീഗോറിയോസിന്റെ ഓർമ്മപെരുന്നാൾ ആചരിച്ചു. നവംബർ ഒന്നിലെ പെരുന്നാൾ ആരാധനയ്ക്ക് ഭദ്രാസന മെത്രാപ്പോലീത്താ ഏബ്രഹാം മാർ സ്തേഫാനോസ് മുഖ്യകാർമ്മികത്വം വഹിച്ചു.

കേരള പ്രദേശ് കോൺഗ്രസ് കമ്മറ്റി അംഗമായി വീണ്ടും തെരെഞ്ഞെടുക്കപ്പെട്ട അഡ്വ. സൈമൺ അലക്സ്. തിരുവനന്തപുരം ഭദ്രാസനത്തിൽ നിന്നുള്ള സഭാ മാനേജിംഗ് കമ്മിറ്റി അംഗമാണ്.





കുവൈറ്റിൽ നടന്ന സിബിഎസ്ഇ സ്കൂളുകളുടെ മത്സരത്തിൽ 100, 200, 4 x 100, സ്വർണ്ണ നേട്ടത്തോടൊപ്പം 200 മീറ്റർ റെക്കോർഡോടു കൂടിയും, 4 x 400 വെള്ളി നേട്ടവും കരസ്ഥമാക്കിയ അനുഗ്രഹ സൂസൻ വർഗീസ്. ഇന്ത്യൻ കമ്മ്യൂണിറ്റി സ്കൂൾ വിദ്യാർത്ഥിനിയാണ്. മാതാപിതാക്കൾ കുവൈറ്റ് മഹാ ഇടവക വെബ്മാസ്റ്ററും മാർ ബസേലിയോസ് മൂവ്മെന്റ് വൈസ് പ്രസിഡണ്ടും ആയ ഷാജി വർഗീസ്. സൺഡേസ്കൂൾ അധ്യാപിക സജി തോമസ്. സഹോദരൻ ആശിഷ് വർഗീസ്.

"നമ്മുടെ സഭ ദൈവത്തിന്റെ വകയാണെന്നും അതു ഒരിക്കലും നശിച്ചു പോകാൻ ഇടയില്ലെന്നും നിങ്ങൾക്കു നല്ലപോലെ വിശ്വാസം ഉണ്ടായിരിക്കേണ്ടതാണ്. സഭ ദൈവത്തിന്റെ സ്വന്തമാണെന്നും അതിൽ സ്വാഭിപ്രായം നട്ടു വളർത്താൻ ആർക്കും ദൈവം അവകാശം നൽകിയിട്ടില്ലെന്നും എല്ലാവരും ധരിച്ചിരിക്കേണ്ടതാണ്."

- പ. വട്ടശ്ശേരിൽ തിരുമേനി



അഖില മലങ്കര ഓർത്തഡോക്സ് ശുശ്രൂഷ സംഘടനയുടെ (AMOSS) തിരുവനന്തപുരം ഭദ്രാസനത്തിലെ പ്രധാന ശുശ്രൂഷ സംഗമം ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് ഉദ്ഘാടനം ചെയ്തു.



കുന്നംകുളം ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ പുലിക്കോട്ടിൽ തിരുമേനിമാരുടെയും, പ. പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവായുടേയും സ്മരണ നിലനിർത്തി കോട്ടപ്പടി സി.ഡി.എം. ഹോസ്പിറ്റൽ ബിൽഡിങ്ങിൽ പ്രവർത്തനമാരംഭിക്കുന്ന അഭയ ഭവൻ എന്ന വയോജന കേന്ദ്രത്തിന്റെ നവീകരണ പ്രവർത്തന ധന ശേഖരണത്തിന് ആരംഭം കുറിച്ചു. അടുപ്പൂട്ടി സെന്റ് ജോർജ് ദേവാലയത്തിൽ വച്ച് നടന്ന ചടങ്ങിൽ അഭയ ഭവൻ പ്രസിഡന്റ് അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ യൂലിയോസിനു ഓർത്തഡോക്സ് പ്രവാസി അസോസിയേഷൻ ആദ്യ ധനസഹായം സമർപ്പിച്ചു. തോമസ് പോൾ റമ്പാൻ, ഫിലിപ്പോസ് റമ്പാൻ, അടുപ്പൂട്ടി പള്ളി വികാരി ഫാ. ഗീവർഗീസ് വർഗീസ്, അഭയഭവൻ ഡയറക്ടർ ഫാ. ഷിജു കാട്ടിൽ, കുന്നംകുളം ഓർത്തഡോക്സ് പ്രവാസി അസോസിയേഷൻ സെക്രട്ടറി ജിനിഷ് വർഗീസ്, വൈസ് പ്രസിഡന്റ് ബ്യൂട്ടി പ്രസാദ്, കെ.ഒ.പി.എ. ഭാരവാഹികൾ എന്നിവർ സംബന്ധിച്ചു.

എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്നും എം.എസ്.സി. ഫിസിക്സിൽ അശ്വിനി മറിയം വിനോദ് മൂന്നാം റാങ്ക് കരസ്ഥമാക്കി. കോന്നി മേപ്പുറത്ത് വിനോദ് വർഗീസിന്റെയും സൂസൻ വിനോദിന്റെയും മകളാണ്. കോന്നി സെന്റ് ജോർജ് ഓർത്തഡോക്സ് മഹാഇടവക അംഗവും കാതോലിക്കേറ്റ് കോളജ് വിദ്യാർത്ഥിനിയുമാണ്.





ഗോവയിൽ വച്ച് നടന്ന 37-ാമത് നാഷണൽ ഗെയിംസിൽ pencak silat സോളോ ഇവന്റിൽ ദേശീയ ഗെയിംസ് വെങ്കല മെഡൽ ജേതാവ് കുഴിമറ്റം വടക്കേടത്ത് അന്ന മരിയ എബ്രഹാം. കോട്ടയം ഭദ്രാസനത്തിലെ കുഴിമറ്റം സെന്റ് ജോർജ് പള്ളി ഇടവകാംഗമാണ്.




ആരാധന വർഷ കലണ്ടർ പ്രകാശനം ചെയ്തു

കുന്നംകുളം: കുന്നംകുളം അടുപ്പൂട്ടി സെൻറ് ജോർജ് പള്ളി പെരുന്നാളിനോട് അനുബന്ധിച്ച് ഒക്ടോബർ 28-നു ആരാധനാ വർഷ കലണ്ടർ (2023-24) ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത, കോതമംഗലം മാർ ത്തോമൻ ചെറിയ പള്ളി വികാരി തോമസ് പോൾ റമ്പാന് ആദ്യ പ്രതി നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. ജ്യോതിസ് ആശ്രമത്തിന്റെ ജ്യോതിസ് പബ്ലിക്കേഷൻസ് ആണ് ഈ കലണ്ടർ പ്രസിദ്ധീകരിക്കുന്നത്. ആശ്രമം മാനേജർ ഫീലിപ്പോസ് റമ്പാൻ ഉൾപ്പെടെ നിരവധി വൈദികർ സന്നിഹിതരായിരുന്നു. ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ ദീർഘനാളത്തെ ആഗ്രഹത്തിന്റെയും പ്രയത്നങ്ങളുടെയും ഫലമായിട്ടാണ് ഇത്തരം ഒരു കലണ്ടർ 10 വർഷങ്ങൾക്കു മുമ്പ് പ്രസിദ്ധീകരണം ആരംഭിച്ചത്.



SGOS ന്റെ ആഭിമുഖ്യത്തിൽ പരുമലയിൽ നടന്ന പിതൃസ്മൃതി പ്രഭാഷണം ഡോ. ഗീവർഗീസ് മാർ കൂറിലോസ് ഉൽഘാടനം ചെയ്യുന്നു.



തോമസ് തേക്കിൽ കോർ എപ്പിസ്ക്കോപ്പാ അന്തരിച്ചു

ചെങ്ങന്നൂർ ഭദ്രാസനത്തിലെ സീനിയർ വൈദികനും കല്ലുങ്കൽ സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് ഇടവകാംഗമവുമായ തോമസ് തേക്കിൽ കോർ എപ്പിസ്കോപ്പ (71) ഓസ്ട്രേലിയയിൽ വെച്ച് അന്തരിച്ചു. സംസ്ക്കാരം പിന്നീട്.

2018 ജൂലൈ മാസം 13-നു ചെങ്ങന്നൂർ ബെഥേൽ അരമന ചാപ്പലിൽ വച്ചാണ് കോർ എപ്പിസ്കോപ്പ ആയത്. മലങ്കരസഭയുടെ തിരുവനന്തപുരം, ചെങ്ങന്നൂർ ഭദ്രാസനങ്ങളിലെ പള്ളികളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

സഭയുടെ മാനേജിങ് കമ്മിറ്റി അംഗം, തിരുവനന്തപുരം ഭദ്രാസന സെക്രട്ടറി, പരുമല കൗൺസിൽ അംഗം, തിരുവനന്തപുരം ഒ.സി.വൈ.എം ഭദ്രാസന വൈസ് പ്രസിഡന്റ്, ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ കേരള ഓക്സിലിയറി എക്സിക്യൂട്ടീവ് മെമ്പർ, ഇന്ത്യൻ ക്രിസ്ത്യൻ പ്രോഗ്രസീവ് ഫോറം വൈസ് പ്രസിഡന്റ്, വൈ.എം.സി.എ പ്രസിഡന്റ് നെടുമ്പ്രം, എംജിഎം സ്കൂൾ പി.ടി.എ പ്രസിഡന്റ്, സ്കൂൾ ലോക്കൽ മാനേജർ എം.ഡി. എൽ.സി.എസ് കല്ലുങ്കൽ, തിരുവല്ല റെഡ് ക്രോസ്സ് സൊസൈറ്റി ജോയിന്റ് സെക്രട്ടറി, കേരള ക്രൈസ്തവ സാഹിത്യ സമിതി അംഗം തിരുവല്ല, കല്ലുങ്കൽ ഗ്രാമവികസന സമിതി പ്രസിഡന്റ്, കേരള കൗൺസിൽ ഓഫ് ചർച്ചസ് മെമ്പർ തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ചാത്തന്നൂർ ഇടനാട് നെടുങ്ങോട്ടു ഏലമ്മ ടീച്ചറാണ് ഭാര്യ.